മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 22 | THE ONLINE OFFICIAL NEWS BULLETIN | 2025 May 29

SEASON OF THE RESURRECTION | ഉയിർപ്പുകാലം | ܥܕܢܐ ܕܩܝܡܬܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
AWAITING HOLY SPIRIT			AWAITING HOLY SPIRIT		AWAITING HOLY SPIRIT	
1 Sunday before Pentecost Sunday School Day ♪ 6	2 ♪ 2	3 ♪ 6	4 ♪ 2	5 ♪ 6	6 100th Mem. of Yuakim Mar Ivanios Metropolitan (Parumala) 18th Memorial of Augen Mar Dionysius Metropolitan (Vallikkattu Dayara) ♪ 2	7 ♪ 6



പരിശുദ്ധ കാതോലിക്കാ ബാവാ പരുമല സെമിനാരിയിൽ സ്വർഗാരോഹണപ്പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.



സ്കൂൾ പ്രവേശനം കാത്തിരിക്കുന്ന പരുമല ആശുപത്രി ജീവനക്കാരുടെ കുട്ടികൾക്കായി 'അക്ഷരത്താളുകളിൽ' എന്ന പേരിൽ ഒരു പ്രത്യേക കൂട്ടായ്മ മെയ് 27-ന് പരുമല ആശുപത്രിയിൽ നടത്തപ്പെട്ടു. ഈ അധ്യയന വർഷം നടന്ന 10, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയ ആശുപത്രി ജീവനക്കാരുടെ കുട്ടികളെ ചടങ്ങിൽ അനുമോദിച്ചു. പ. കാതോലിക്കാ ബാവായും, ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായും സംബന്ധിച്ചു എല്ലാ ജീവനക്കാരുടെ മക്കൾക്കും സ്കൂൾ ബാഗും മറ്റ് പഠനോപകരണങ്ങളും വിതരണം ചെയ്യപ്പെട്ടു.



Metropolitans of the Malankara Orthodox Syrian Church had an audience with His Holiness Pope Leo XIV at the Vatican on May 27th. As a token of fraternity from the Malankara Church, an Aranmula mirror was presented to the Pontiff of the Roman Church. The delegation of Hierarchs included, Metropolitans Geevarghese Mar Coorilos, Youhanon Mar Polycarpos, Alexios Mar Eusebios, Dr. Joshua Mar Nicodimos, and Dr. Geevarghese Mar Theophilos. The Department of Ecumenical Relations of the Malankara Church facilitated this meeting.



പുനർ നിർമ്മിച്ച, ഇടമൺ സെന്റ് മേരീസ് പള്ളിയുടെ വിശുദ്ധ മുറോൻ കൂദാശ കർമ്മം, പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിലും, ഇടവക മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ തേവോദൊറോസ് മെത്രാപ്പൊലിത്തായും, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലിത്തായുടേയും, ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പൊലിത്തായുടേയും സഹ കാർമികത്വത്തിലും നടത്തി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ കല്പനബുക്ക് (1935)

സിറിയൻ സെമിനാരി, കോട്ടയം

22/27-4-110. മാനേജിംഗ് കമ്മറ്റി മെമ്പറന്മാർക്ക്,

പ്രിയനെ, അസോസ്യേഷൻ ധനു മാസം 11-നു ബുധനാഴ്ചയാണല്ലോ. അസോസ്യേഷന്റെ പരിപാടിയെ സംബന്ധിച്ചും മറ്റും ആലോചിക്കുന്നതിനായി 10-നു മാനേജിംഗ് കമ്മറ്റി കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. അതിലേക്കും അസോസ്യേഷനിൽ സംബന്ധിക്കുന്നതിനും മറ്റുമായി 10-നു പകൽ ഒരു മണിക്കു ഇവിടെ വന്നുചേരണം.

സിറിയൻ സെമിനാരി, കോട്ടയം

23/28-4-110. എം.ഡി. സെമിനാരി ഇംഗ്ലീഷ് സ്കൂൾ, മുൻഷി കെ. ജെ. ജോണിന്,

പ്രിയനെ, നിങ്ങളുടെ ശമ്പളം സംബന്ധിച്ചുള്ള ഹർജിയെ സംബന്ധിച്ച് നമ്മുടെ ഹൈസ്കൂൾ കറസ്പോണ്ടന്റും ഹെഡ്മാസ്റ്ററുമായി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണ്.

24/28-4-110. എം.ഡി. സെമിനാരി ഇംഗ്ലീഷ് സ്കൂൾ കറസ്പോണ്ടന്റ് ഫാ. മാത്യൂസ്, പാറേട്ട്.

പ്രിയനെ, നമ്മുടെ ഹൈസ്കൂളിൽ പഠിപ്പിക്കുന്ന മുൻഷി, വിദ്വാൻ കെ. ജെ. ജോൺ, അയാളുടെ ശമ്പളം സംബന്ധിച്ച് ഒരു പരാതിഹർജി നമ്മുടെ പേർക്കു ഹെഡ്മാസ്റ്റർ വഴിയായി അയച്ചിട്ടുണ്ട്. അതു സംബന്ധിച്ചുള്ള വിവരങ്ങൾ കൂടുതലായി അറിയാനുള്ളതുകൊണ്ട് താൻ കഴിയുന്നതും വേഗത്തിൽ ഇവിടെ വരണമെന്നു താൽപര്യപ്പെടുന്നു.

25/4-5-110. നമ്മുടെ വക റ്റി. വി. ആർ. 2571-ാം നമ്പർ ഓവർലാൻഡ് ... കാർ 265 രൂപാ പറ്റിക്കൊണ്ട് കോട്ടയം, തിരുനക്കര, വടക്കേടത്തുവീട്ടിൽ വി. ഐ. പൗലിക്കു നാം വിറ്റിരിക്കുന്നു.

26/11-5-110. നമ്മുടെ കുണ്ടറ പൊയ്കയിൽ തോമ്മസു കത്തനാരു തോമസു കത്തനാരും, കല്ലറയ്ക്കൽ നൈനാ പണിക്കരു ഗീവറുഗീസു പണിക്കരു കത്തനാരും കല്ലറയ്ക്കൽ പുത്തൻവീട്ടിൽ തോമസു പണിക്കരു തോമസു പണിക്കരു കത്തനാരും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.


പ്രിയരെ, നിങ്ങൾ കുണ്ടറ വലിയപള്ളിയിൽ തവണ നടത്തിക്കൊണ്ടിരിക്കയാണല്ലോ. എന്നാൽ കഴിഞ്ഞ ഞായറാഴ്ച അതായതു ധനു മാസം 8-നു നാം അവിടെ ഉണ്ടായിരുന്നപ്പോൾ കല്ലറയ്ക്കൽ പുത്തൻവീട്ടിൽ തോമസു പണിക്കരു കത്തനാർ ടി പള്ളിയിൽ വി. കുർബ്ബാന അണയ്ക്കയുണ്ടായല്ലോ. മേലാൽ അടുത്ത 15-നു ഞായറാഴ്ച പൊയ്കയിൽ തോമസു കത്തനാരും 22-നു ഞായറാഴ്ച കല്ലറയ്ക്കൽ ഗീവറുഗീസു പണിക്കരു കത്തനാരും 29-നു ഞായറാഴ്ച കല്ലറയ്ക്കൽ പുത്തൻവീട്ടിൽ തോമസു പണിക്കരു കത്തനാരും ഇങ്ങനെ തവണ മുറയ്ക്കു വേറൊരു കല്പന ഉണ്ടാകുന്നതു വരെ നടന്നുകൊള്ളണം.

27/12-5-110. കല്ലറയ്ക്കൽ യൌസേഫ് കത്തനാർക്ക്,

പട്ടാഴി (താമരക്കുടി) മർത്തമറിയം പള്ളി ഇടവകക്കാരുടെ അപേക്ഷ അനുസരിച്ച് ആ പള്ളിയുടെ വികാരിയായി വേറൊരു കല്പന ഉണ്ടാകുന്നതു വരെയ്ക്കും തന്നെ നാം നിയമിച്ചിരിക്കുന്നു.

28/13-5-110. വി. ജെ. ഇട്ടിച്ചെറിയ, ഹെഡ്മാസ്റ്റർ, എം.ഡി. സ്കൂൾ, കോട്ടയം.

അസോസ്യേഷൻ നമ്മുടെ സ്കൂളിൽ വച്ച് കൂടരുതെന്നുള്ള പരാതിഹർജി തപാലിൽ അയച്ചുതന്നതു കൈവശമുണ്ടല്ലോ. അതു നമുക്കു ഒന്നു കാണുന്നതിനുവേണ്ടി കൊടുത്തയയ്ക്കുകയൊ സൗകര്യമുള്ളപക്ഷം ഇവിടെ കൊണ്ടുവരികയൊ ചെയ്യണം. അതു സംബന്ധിച്ച് എഴുതി അയയ്ക്കുന്ന റിപ്പോർട്ട് നമ്മെ കൂടെ കാണിച്ചശേഷമേ അയയ്ക്കയുള്ളല്ലൊ.



29/15-5-110. To His Eexcellency the Viceroy of India, New Delhi.

May it please your Excellency,

I beg to intimate that owing to the demise of the late Most Rev. Mar Geevarghese Dionysius Metropolitan of the Malankara Orthodox (Jacobite) Syrian Church & Trustee, I have been unanimously elected as Malankara Metrapolitan & Trustee at a meeting of the representatives of all the Malankara Syrian Churches held in the M. D. Seminary Hall, Kottayam (Travancore), on the 26th Dec. 1934. Accordingly I have this day formally assumed charge of the said office of Malankara Metropolitan & Trustee.

I have the honour to be,
may it please your Excellency
Your Excellency's most
obediant servant

30/ 28-12-1934. The above letter sent to the Secratary of States for India, New Delhi.

31/ 28-12-1934. To His Excellency the Governor of Madras, Madras.

32/ 28-12-1934. To the Agent to the Governor-General, Madras States, Trivandrum.

33/ 28-12-1934. To His Highness the Maha Raja of Travancore, Trivandrum.

34/ 28-12-1934. To His Highness the Maha Raja of Cochin, Trippunithura.

35/ 28-12-1934. To the Dewan of Travancore, Trivandrum.

36/ 28-12-1934. To the Chief Secretary to the Government of Travancore, Trivandrum.

37/ 28-12-1934. To the Director of Police Instraction, Travancore, Trivandrum.

38/ 28-12-1934. To the Diwan of Cochin, Ernakulam.

39/ 13-5-110. നമ്മുടെ വലിയവീട്ടിൽ അലക്സന്ത്രയോസു കത്തനാർക്ക് വാഴ്വ്,

പ്രിയനെ, നമ്മുടെ കോട്ടപുറത്തു സിമ്മനാരിയും പള്ളിയും അനാഥമായി കിടക്കുന്നതിനാൽ അതെല്ലാം സൂക്ഷിച്ചു ശരിപ്പെടുത്തുന്നതിനും മറ്റുമായി തന്നെ നാം ആ പള്ളിക്കു വികാരിയും സിമ്മനാരിക്കു മാനേജരുമായി വേറൊരു കല്പന ഉണ്ടാകുന്നതുവരയ്ക്കും നിയമിച്ചിരിക്കുന്നു.

40/ 29-12-1934. ഫാദർ കോശിക്കു കമ്പി.

To Father Koshy, Syrian Church, Brahmawar, South Canara.

Inform Brother George that ordination is postponed. Letter follows.

Catholicos.

41/ 29-12-1934. Brother George, c/o Rev. Fr. Koshy, Syrian Church, Brahmawar, South Canara.

എഴുത്തുകൾ കിട്ടി. ഇംഗ്ലീഷിൽ കൂദാശകൾ അനുഷ്ഠിക്കാറായാൽ ഉടനെ പട്ടം തികച്ചുകൊള്ളാമെന്നും വിവരത്തിനു ഫാ. കോശിക്കു എഴുതുന്നു. ബോംബെയിലെ പള്ളിക്കു സ്ഥലത്തിനും മറ്റും വികാരിക്ക് അയയ്ക്കാനുള്ള മെമ്മോറിയൽ തയാറാക്കി അയയ്ക്കണമെന്നു.

42/ 30-12-1934. To the Director of Public ..., Trivandrum.

Dear Sir, I write to inform you that I have already returned from Syria & Palestine and that I have resumed the managment of Schools in the Dioceses of Kottayam, Niranam, Thumpamon & Quilon which during my absence had been made and to the Diocesans - Mar Gregorios of Kottayam, Mar Saverios of Niranam, Mar Philexinos of Thumpamon. (sd)

43/19-5-110. കല്ലറയ്ക്കൽ കുഞ്ചപ്പന് വാഴ്വ്,

പ്രിയനെ, പാമ്പാടിയിലെ വസ്തു സിമ്മനായിരിയിൽ നിന്നും ലേലത്തിൽ പിടിച്ചിട്ടുള്ളതു ഈ എഴുത്തുംകൊണ്ടു വരുന്നവർക്ക് പാട്ടത്തിനു കൊടുക്കാമെന്നു മുമ്പു വലിയ മെത്രാച്ചൻ സമ്മതിച്ചിട്ടുള്ളതനുസരിച്ച് പാട്ടചീട്ട് എഴുതുന്നതിനു ഇവർ വന്നിരിക്കുന്നു. വസ്തുവിനു എന്തു പാട്ടം കിട്ടുമെന്നും മറ്റുമുള്ള വിവരം നമുക്കറിഞ്ഞു കൂടാ. പാട്ടചീട്ടു ട്രസ്റ്റികളായ നിങ്ങളുടേയും പേരുകൾ വച്ച് എഴുതേണ്ടതുമാണല്ലോ. അതിനാൽ വസ്തുവിനു എന്തു പാട്ടം കിട്ടുമെന്നുള്ള വിവരങ്ങളും മറ്റും അറിഞ്ഞ് പാട്ടചീട്ട് ഉടനെ തന്നെ എഴുതിക്കണമെന്നു താൽപര്യപ്പെടുന്നു.

44/20-5-110. പാമ്പാടി മെത്രാച്ചന്,

ഈ എഴുത്തുംകൊണ്ടു വരുന്ന മാട്ടേൽ ഇട്ടിയവിരാ അബ്രാത്തിന്റെ കൈവശം ഇപ്പോൾ ഇരിക്കുന്ന കോതമന്നിൽ പുരയിടം സിമ്മനാരിയിൽ നിന്നും ലേലത്തിൽ പിടിച്ച വിവരവും ആ വസ്തു ഇവർക്കു തന്നെ പാട്ടത്തിനു കൊടുക്കാമെന്നു സമ്മതിച്ചിട്ടുള്ള വിവരവും അറിയാമല്ലോ. ഈ വസ്തു ഉടൻ നടത്തി വാങ്ങിക്കുന്നതാണ്. മുൻ കരാറനുസരിച്ച് ഇവരോടു ഉടനെതന്നെ പാട്ടചീട്ടു വാങ്ങിക്കണം. അതിനാൽ ആ വസ്തുവിന് ഇപ്പോൾ എന്തു പാട്ടം കിട്ടുമെന്നുള്ള വിവരം തക്കതായ ഒരാളിനെ അയച്ചു തിട്ടപ്പെടുത്തി അറിയിക്കണം. നമുക്കു 2000 രൂപായ്ക്കുമേൽ വിധിപ്രകാരം ഇവരുടെ പക്കൽ നിന്നും കിട്ടാനുണ്ടെന്നുള്ള സംഗതിയെക്കുറിച്ച് ആലോചിച്ചു രണ്ടു കൂട്ടർക്കും നഷ്ടമില്ലാത്തവിധത്തിൽ പാട്ടചീട്ടെഴുതി കാര്യം അവസാനിപ്പിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്തു ഇവനെ അയയ്ക്കണം. പാട്ടചീട്ടു ഇപ്പോൾ എഴുതാനുദ്ദേശിക്കുന്നതു മാട്ടേൽ അബ്രാമും തെക്കേക്കര പീലിപ്പോസും കൂടിയാണ്. ഇവരിൽ നിന്നും പാട്ടസംഖ്യ ഈടാക്കുന്നതിനു പ്രയാസം നേരിടുമോ എന്നുള്ള സംഗതിയും കൂടി അറിയിക്കണം. ശേഷം പിന്നാലെ.

45/8th January 1935. We hereby Certify that Rev. Deacon George of Honavar Mission - St. Antony's Institutions - has been ordained by us as priest on this day, the 8th of January 1935 - on the day of Our Lady, the Holy mother of God - at the Syrian Seminary Chapel, Kottayam, Travancore. (sd)

46/8th January 1935. The same type of Certificate given to Rev. Fr. John of Honavar Mission.

47/25-5-110. നമ്മുടെ വാകത്താനത്തുള്ള ഊർശ്ലേംപള്ളി വികാരിയും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, മകര മാസം 1-നു തിങ്കളാഴ്ച ആ പള്ളിയിൽ കുരിശു വച്ചു കുർബാന ചൊല്ലണമെന്നു കർത്താവിൽ നാം നിശ്ചയിച്ചിരിക്കുന്നു. നിങ്ങൾ എല്ലാവരും ഒരുക്കത്തോടു കൂടി അവിടെ സന്നിഹിതരായിരിക്കണം. നമുക്കു പകരം അടുത്തുള്ള എല്ലാ പള്ളിക്കാരെയും ക്ഷണിക്കുന്നതിനും മറ്റുമായി നമ്മുടെ കരിപ്പാൽ യാക്കോബു കത്തനാരെ നാം ചുമതലപ്പെടുത്തിയിരിക്കുന്നു. ശേഷം എല്ലാ സംഗതികളും നാം അവിടെ വന്നതിന്റെ ശേഷം നിശ്ചയിച്ചുകൊള്ളാം.

48/25-5-110. To the Headmaster, ... Training School, Thiruvalla.

പോർക്കുളം സെന്റ് ജോർജ് വി. പി. സ്കൂളിൽ നിന്നും ശിക്ഷാക്രമപരിശീലനത്തിനു തിരുവല്ലാ സർക്കാർ ട്രെയിനിംഗ് സ്കൂളിലേക്കു അയച്ചിട്ടുള്ള അദ്ധ്യാപകനുവേണ്ടി ഗവണ്മെന്റുമായുള്ള ഉടമ്പടി എഴുതി ഒപ്പിട്ടു തരുന്നതിലേക്കു ടി സ്കൂൾ കറസ്പോണ്ടന്റായ മി. കോശി കൊച്ചുമ്മനെ നാം അധികാരപ്പെടുത്തിയിരിക്കുന്നു.

49/27-5-110. നമ്മുടെ പഴയാറ്റുങ്കൽ ചെറിയാൻ ഇട്ടിയവിരായ്ക്കു വാഴ്വ്.

പ്രിയനെ, നമ്മുടെ വള്ളിക്കാട്ടു പള്ളിയുടേയും അവിടെയുള്ള നമ്മുടെ സ്വത്തുക്കളുടെയും മാനേജരായി നാം നിയമിച്ചിരുന്ന കാരുചിറ ചൂരപ്പാടിൽ പുന്നൂസു ചാക്കോ അവ സംബന്ധമായ കണക്കുകളും മറ്റും നമ്മെ കേൾപ്പിക്കാതിരിക്കുന്നതിനാൽ അയാളെ തൽസ്ഥാനത്തുനിന്നും മാറ്റി തന്നെ ടി സ്ഥാനത്തു മാനേജരായി വേറെ ഒരു കല്പന ഉണ്ടാകുന്നതു വരെയ്ക്കും നാം നിയമിച്ചിരിക്കുന്നു. പള്ളിവരുമാനങ്ങളും സ്വത്തുക്കളിൽ നിന്നുള്ള ആദായങ്ങളും എടുത്തു നമ്മുടെ വികാരി മാളികയിൽ കുറിയാക്കോസു കത്തനാരെ ഏൽപിച്ചു രസീതു വാങ്ങിക്കുകയും അയാളോടു കൂടി ചേർന്നു പള്ളിക്കാര്യങ്ങൾ ഭംഗിയായി നടത്തികൊള്ളുകയും ചെയ്യണം. ഈ കല്പന ടി പുന്നൂസു ചാക്കോയെ കാണിച്ച് അയാളിൽ നിന്നും ചാർജ്ജ് ഏറ്റുവാങ്ങി നടന്നുകൊള്ളണം.

50/3-6-110. നമ്മുടെ ... പള്ളി വികാരിയും ദേശത്തുപട്ടക്കാരും, പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, കാലംചെയ്ത നമ്മുടെ പ. പിതാവായ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ ആണ്ടടിയന്തിരം അടുത്ത കുംഭം സുറിയാനി കണക്കിനു 10-നു മലയാളം കണക്കിൽ 11-നു ശനിയാഴ്ചയാണല്ലോ. അന്നു നിങ്ങൾ എല്ലാവരും കാഴ്ചനേർച്ചകളോടുകൂടി വന്നു അടിയന്തിരത്തിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു പോകണമെന്നു നിങ്ങളെ അറിയിക്കുന്നു. കൂടാതെ അന്നു വന്നുചേരുന്ന പട്ടക്കാർക്കു സദ്യ കൊടുക്കേണ്ട ആവശ്യമുണ്ടല്ലോ. ആയതിനും മറ്റു ചിലവുകൾക്കുമായി ആ പള്ളിയിൽ നിന്നും ... രൂപാ മണിയോർഡറായി ഈ കല്പന അവിടെ കിട്ടുന്ന ആഴ്ചയിൽ തന്നെ നമുക്കു അയച്ചുതരണം. അമാന്തം വിചാരിക്കരുത്.

51/5-6-110. പുതിയനേത്ത് യാക്കോബ് കത്തനാർക്ക്,

പ്രിയനെ, വള്ളികുന്നത്തു പള്ളിയിലേക്കു അവരുടെ ദേശകുറിപ്രകാരം നമ്മുടെ പള്ളിക്കാല അബ്രഹാം കത്തനാരെ നാം പട്ടംകൊടുത്തു നിയമിക്കയും ആറേഴു മാസമായി അയാൾ അവിടെ കർമ്മം നടത്തിവരികയും ചെയ്യുന്നുണ്ടല്ലോ. അന്നു മുതൽ താൻ അവിടെ നിന്നും മേപ്പടി നിയമനം മൂലം മാറി ഇരിക്കയാണല്ലോ. താൻ അവിടെ കർമ്മാദികൾ ഒന്നും നടത്തുന്നില്ലെങ്കിലും ഇപ്പോഴും താൻ അവിടുത്തെ വികാരിയായി വിചാരിക്കുന്ന ചിലർ അവിടെ ഉള്ളതായി നാം അറിയുന്നു. അങ്ങനെ താൻ അവിടത്തെ വികാരിയല്ല, പട്ടക്കാരനുമല്ല എന്നുള്ള വിവരം ഈ കല്പന കാണിച്ച് അവരെ ബോദ്ധ്യപ്പെടുത്തണം. തഴവാ പള്ളിയിൽ പട്ടക്കാർ മറ്റാരും ഇല്ലാത്തതുകൊണ്ട് തനിക്കവിടെ വേണ്ട ജോലി ഉണ്ടല്ലോ. അതുകൊണ്ടു ആരുതന്നെ ആവശ്യപ്പെട്ടാലും വള്ളികുന്നത്തു പള്ളിയിൽ മേലാൽ നമ്മുടെ അനുവാദം കൂടാതെ യാതൊരു കർമ്മവും നടത്തികൂടാത്തതും അതിലെ ഏതെങ്കിലും അംഗങ്ങളുടെ ആവശ്യം നടത്തി കൂടാത്തതുമാകുന്നു.

52/15-6-110. To The Working Committee Members,

പ്രിയനെ, നമ്മുടെ കാതോലിക്കാ വ്യവസ്ഥാപിതനിധിയുടെ നിയമങ്ങളെപ്പറ്റിയും മറ്റു സംഗതിയെക്കുറിച്ചും ആലോചിക്കുന്നതിനായി മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ കമ്മറ്റിയുടെ പ്രവർത്തക കമ്മറ്റിയോഗം ഈ മാസം 19-നു വെള്ളിയാഴ്ച സന്ധ്യ മുതൽ പിറ്റേദിവസം ഉച്ചവരെ എം.ഡി. സെമിനാരിയിൽ വച്ചു കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നതിനാൽ നിങ്ങളും സമയത്തു വന്നുചേരണമെന്നു താൽപര്യപ്പെടുന്നു.

സിറിയൻ സെമിനാരി, കോട്ടയം

53/19-6-110.

നമ്മുടെ ചാത്തന്നൂർ പള്ളിക്കാർക്ക്,

പ്രിയരെ, നിങ്ങൾ യോഗം കൂടി മുതൽക്കെട്ടു, കണക്കു മുതലായവയ്ക്കു തിരഞ്ഞെടുത്തിട്ടുള്ള കിഴക്കേവീട്ടിൽ ജേക്കബു മുതലാളിയെ മുതൽകെട്ടുകാരനായും, മാവിലഴികത്തു എം. ഇ. വറുഗീസിനെ കണക്കനായും കോയിപ്പുറത്തു തോട്ടത്തിൽ കൊച്ചാക്കോ മുതലാളിയെ സിക്രട്ടറിയായും വേറൊരു കല്പന ഉണ്ടാകുന്നതുവരയ്ക്കും നാം നിയമിച്ചിരിക്കുന്നു. ശേഷം കാര്യങ്ങൾക്കു പിന്നാലെ എഴുതി അയയ്ക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

54/20-6-110. തോട്ടയ്ക്കാട്ടു പള്ളിക്കാർക്ക്.

പ്രിയരെ, അവിടെയുള്ള ശെമ്മാശന്മാർക്കു വീതം കൊടുക്കുന്നില്ലെന്നു നമ്മുടെ അടുക്കൽ സങ്കടം വന്നിരിക്കുന്നു. അവിടെയുള്ള പട്ടക്കാരും പള്ളിക്കാരും കൂടെ ഈ മാസം 24-നു ബുധനാഴ്ച പള്ളിയിൽ കൂടി അതിനെ സംബന്ധിച്ചുള്ള നിങ്ങളുടെ അഭിപ്രായം രേഖാമൂലം നമ്മെ അറിയിക്കണം. കൂടാതെ കഴിഞ്ഞ ഒരു കല്യാണത്തിന്റെ വരുമാനം മുതൽകെട്ടുകാരന്റെ കയ്യിലാക കൊണ്ടു ഈ വരുന്ന തിങ്കളാഴ്ച വരുന്ന കല്യാണത്തിന്റെ പണവും മുതൽകെട്ടുകാരന്റെ കൈവശം ഇരിക്കേണ്ടതാണെന്നു നിങ്ങളിൽ ചിലർ നമ്മെ അറിയിച്ചു. എന്നാൽ അങ്ങനെ മുതൽകെട്ടുകാരന്റെ കൈവശം ഇല്ലെന്നും മുമ്പിലത്തെ പണം പീലിപ്പോസു കത്തനാർ വാങ്ങി ചിലവാക്കി പോയെന്നും അതിനാൽ ഇനിയത്തെ പണവും അയാളുടെ കയ്യിൽ ഇരിക്കേണ്ടതാണെന്നും എപ്പോൾ ആവശ്യപ്പെട്ടാലും ആ പണം നമ്മെ ബോദ്ധ്യപ്പെടുത്തിക്കൊള്ളാമെന്നും ടി കത്തനാർ പറയുന്നു. യോഹന്നാൻ കത്തനാർ നടത്തുന്ന അടിയന്തിരങ്ങളുടെ പണവും അയാളുടെ കയ്യിൽ തന്നെ ഇരിക്കുന്നുവെന്നാണു ഇയാൾ പറയുന്നത്. അങ്ങനെ രണ്ടു പട്ടക്കാരും അവരവർ കഴിക്കുന്ന അടിയന്തിരങ്ങളുടെ പണം അവരവരുടെ കൈവശമാണ് സൂക്ഷിക്കുന്നതെങ്കിൽ ഇപ്പോഴത്തേതിനെപ്പറ്റി മാത്രം തിരിച്ചൊന്നു പറയേണ്ട ആവശ്യമില്ലല്ലോ. അതിനാൽ ഈ സംഗതിയെ സംബന്ധിച്ചും നിങ്ങൾ പള്ളിക്കാരുടെ റിപ്പോർട്ടു കിട്ടേണ്ടിയിരിക്കുന്നു. റിപ്പോർട്ടുകൾ കിട്ടിയശേഷം എല്ലാ സംഗതികൾക്കും തീരുമാനമുണ്ടാക്കുന്നതാണ്.

55/24-6-110. മലങ്കരയുള്ള എല്ലാ പള്ളികൾക്കും. കാതോലിക്കാ സിംഹാസന നിധിയുടെ പിരിവിനായി കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, എം. സി. കുര്യാക്കോസു കത്തനാർ, ഒ. എം. ചെറിയാൻ എന്നിവരെ എപ്പിസ്കോപ്പൽ സിനഡും അസോസ്യേഷൻ കമ്മട്ടിയും നിശ്ചയിച്ചപ്രകാരം പണപ്പിരിവിന് അധികാരപ്പെടുത്തി അയയ്ക്കുന്നു എന്നും മറ്റും.

56/25-6-110. ചെന്നിത്തല ഒറ്റയാലുംമൂട്ടിൽ ഗീവറുഗീസിനു വാഴ്വ്.

നിങ്ങളുടെ ദേശത്തു ഒരു പള്ളി സ്ഥാപിക്കുന്നതിനു അനുവാദം കിട്ടണമെന്നുള്ള നിങ്ങളുടെ അപേക്ഷയെപ്പറ്റി നാം ആലോചിച്ചതിൽ ഒരു പള്ളിക്കു അവിടെ ആവശ്യമുണ്ടെന്നു നമുക്കും ബോദ്ധ്യമായിരിക്കുന്നു. ആകയാൽ കൊല്ലം ഡിസ്ട്രിക്ടിൽ മാവേലിക്കര താലൂക്കിൽ മാന്നാർ സബ് ഡിസ്ട്രിക്ടിൽ ചെന്നിത്തല പകുതിയിൽ ഒരിപ്രം മുറിയിൽ മൂന്നുമുറിയിൽ പുരയിടത്തിനു മേക്ക് പുളിയേപ്രത്തറ പുരയിടത്തിനും കണിയാന്റെവടക്കേതിൽ പുരയിടത്തിനും വടക്ക് ഒറ്റയാലുംമൂട്ടിൽ പടിഞ്ഞാറ്റേതിൽ പുരയിടത്തിനും കളത്തൂരേത്തു പുരയിടത്തിനും കിഴക്ക് കളത്തൂരേത്തു വക കോട്ടമുറിക്കൽ പുരയിടത്തിനു തെക്ക് പണ്ടാരപ്പാട്ടം സർവ്വെ 42/2 എ, 96 സെന്റും 42/2 ബി 42 സെന്റും 42 സി 3 സെന്റും ഉൾപ്പെടെ ഒന്നായികിടക്കുന്ന ഒറ്റയാലുംമൂട്ടിൽ പുരയിടത്തിൽ തെക്കെടുത്തു 42/2 ബി, 42 സെന്റുള്ള ഒറ്റയാലുംമൂട്ടിൽ പുരയിടത്തിൽ ഒരു ഓർത്തഡോക്സ് സുറിയാനി പള്ളി സ്ഥാപിക്കുന്നതിനു നാം അനുവദിച്ചിരിക്കുന്നു. ഈ കല്പന ഡിവിഷനിൽ ഹാജരാക്കി അപേക്ഷ കൊടുത്തു ഗവണ്മെന്റനുവാദം വാങ്ങിച്ചുകൊള്ളണം. പള്ളിയുടെ ആത്മികവും ലൗകികവുമായുള്ള എല്ലാ അധികാരങ്ങളും നമ്മിലും നമ്മുടെ പിൻഗാമികളിലും ഞങ്ങളാൽ നിയമിക്കപ്പെടുന്ന മേൽപട്ടക്കാരിലും മാത്രം സ്ഥിതി ചെയ്യുന്നതാണ്. ഞങ്ങളുടെ വിശ്വാസത്തിനും അഭിപ്രായങ്ങൾക്കും വിപരീതമായിട്ടുള്ളവർക്കു പള്ളിയിന്മേലും സ്വത്തുക്കളിന്മേലും യാതൊരധികാരാവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല. ശേഷം പിന്നാലെ.

1935-നു കൊല്ലം 110-ാമാണ്ട് മകര മാസം 25-നു കോട്ടയം സിമ്മനാരിയിൽ നിന്നു.

57/25-6-110. നല്ലില ബഥേൽ പള്ളി വികാരിയും ദേശത്തുപട്ടക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, നിങ്ങളുടെ പള്ളിയ്ക്കു മുതൽകെട്ടുകാരനും കണക്കനും ആയിരിക്കുന്നതിനു നിങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള ആളുകളും വികാരിയും ഇവിടെ നമ്മുടെ മുമ്പാകെ വന്നു നിങ്ങളുടെ ഹർജ്ജി നമ്മുടെ മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. നിങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള പാറവിളവീട്ടിൽ പീലിപ്പോസു കോശിയെ മുതൽകെട്ടുകാരനും കിഴങ്ങുവിള വീട്ടിൽ യോഹന്നാൻ ഗീവറുഗീസിനെ കണക്കനായും വേറൊരു കല്പന ഉണ്ടാകുന്നതുവരെയ്ക്കും നാം നിയമിച്ചിരിക്കുന്നു. പഴയ മുതൽക്കെട്ടിലെ കണക്കുകൾ എല്ലാം കേട്ട് തെരട്ട് നമ്മുടെ മുമ്പാകെ ഹാജരാക്കി നമ്മുടെ ഒപ്പും മുദ്രയും വയ്പിച്ചു റിക്കാർട്ടിൽ ചേർത്തുകൊള്ളണം.

58/25-6-110. നല്ലില ബഥേൽ പള്ളിക്കാർക്ക്. അവരിൽ ഏതാനുംപേർ പട്ടക്കാരനോടു കൂടി ഇവിടെ ബോധിപ്പിച്ചിരിക്കുന്ന ഹർജിയിന്മേൽ ഒരു കൂട്ടർ ആക്ഷേപം ബോധിപ്പിച്ചിരിക്കുന്നതിനാൽ ഇരുകൂട്ടരും വരുന്ന കുംഭ മാസം 15-നു നമ്മുടെ മുമ്പാകെ ഹാജരായിക്കൊള്ളണമെന്നും മറ്റും.

59/26-6-110. കുന്നംകുളം ആർത്താറ്റുപള്ളി മുതലായ പള്ളികളിലെ വികാരിക്കും ദേശത്തുപട്ടക്കാർ, ജനങ്ങൾ എന്നിവർക്കും. കമ്പി കിട്ടി. വ്യസനിക്കുന്നു. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാൻ എല്ലാ പള്ളികൾക്കും കല്പന അയച്ചിട്ടുണ്ട്. എല്ലാവരും നിരാശപ്പെടാതെ ദൈവത്തിൽ ശരണം പ്രാപിക്കണം. മൂന്നു ദിവസത്തെ നോമ്പ് എല്ലാവരും ആബാലവൃദ്ധം നോക്കി അവസാനത്തിൽ വി. കുർബ്ബാന ചൊല്ലിക്കയും അനുഭവിക്കുകയും ചെയ്യണമെന്നും മറ്റും.

60/26-6-110. തോട്ടയ്ക്കാട്ടു പള്ളിക്കാർക്ക്. നിങ്ങളുടെ പള്ളിക്കാര്യങ്ങളെക്കുറിച്ച് കേട്ടു തീരുമാനിക്കുന്നതിനായി വരുന്ന കുംഭ മാസം 14-നു ചൊവ്വാഴ്ച രാവിലെ എട്ടു മണിക്കു പള്ളിക്കാരും പട്ടക്കാർ രണ്ടുപേരും ഇവിടെ ഹാജരാകണമെന്നും മറ്റും.

61/27-6-110. നമ്മുടെ എം. ഡി. മുൻഷി കെ. ജെ. ജോണിനു വാഴ്വ്.

പ്രിയനെ, നിങ്ങളുടെ അപേക്ഷയെപ്പറ്റി ഹെഡ്മാസ്റ്ററും കറസ്പോണ്ടന്റുമായി ആലോചിച്ചതിൽ നിങ്ങൾക്കു ഈ സ്കൂൾ വർഷത്തിൽ 3 രൂപാ കൂടി തരുന്നതിനും ഹർജിയിൽ പറയുന്ന നിങ്ങളുടെ അവകാശവാദങ്ങളെപ്പറ്റി അടുത്ത സ്കൂൾ വർഷത്തിൽ പര്യാലോചിച്ചു വേണ്ടപ്രകാരം ചെയ്യുന്നതിനു നാം ഹെഡ്മാസ്റ്ററുടെ പേർക്ക് എഴുതി അയച്ചിട്ടുമുണ്ട്. ശേഷം പിന്നാലെ.

62/27-6-110. നമ്മുടെ എം. ഡി. സ്കൂൾ അദ്ധ്യാപകൻ പി. എ. പൈലോമാസ്റ്റർക്ക് വാഴ്വ്.

പ്രിയനെ, അപേക്ഷയെപ്പറ്റി ആലോചിച്ചതിൽ പ്രതിമാസം 10 രൂപാ വീതം കൂട്ടിത്തരുന്നതിനു (ഈ സ്കൂൾ വർഷാരംഭം മുതൽ) ഹെഡ്മാസ്റ്ററുടെ പേർക്ക് എഴുതിയിട്ടുണ്ട്.

63/27-6-110. എം. ഡി. ഹെഡ്മാസ്റ്റർ വള്ളക്കാലിൽ ഉണ്ണൂണ്ണിക്ക്.

പ്രിയനെ, നമ്മുടെ സ്കൂളിലെ അദ്ധ്യാപകന്മാരായ പി. എ. പൈലോയുടേയും കെ. ജെ. ജോണിന്റേയും അപേക്ഷ അനുസരിച്ചു ഈ സ്കൂൾ വർഷാരംഭം മുതൽ പൈലോയ്ക്കു 10 രൂപായും ജോണിനു 3 രൂപായും വീതം കൂട്ടിക്കൊടുക്കുന്നതാണെന്നും അവരുടെ ഹർജിയിൽ പറയുന്ന അവകാശവാദങ്ങളെപ്പറ്റി അടുത്ത ആണ്ടിൽ പര്യാലോചിച്ചു വേണ്ടതു ചെയ്യുന്നതാണെന്നും നാം അവരെ അറിയിച്ചിട്ടുണ്ട്. ശമ്പളം കൂട്ടി കൊടുക്കുന്നതിനു നാം തീർച്ചപ്പെടുത്തിയതു താമസിച്ചുപോയതു അവരുടെ കുറ്റമല്ലല്ലോ. അതുകൊണ്ടു ആരംഭം മുതൽ അവർക്കു ചെല്ലുവാനുള്ള തുക കൊടുത്തു ഒപ്പിടുവിച്ചു വാങ്ങിച്ചുകൊള്ളണം. ശേഷം പിന്നാലെ.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

വിശുദ്ധി പകർന്ന മുറിവുകൾ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ



മലങ്കരസഭയിൽ 91 വയസ്സു വരെ ആത്മീയ പ്രകാശം പരത്തിയ അത്ഭുത കന്യകയാണ് മുളന്തുരുത്തിയിൽ അന്ത്യവിശ്രമം കൊള്ളുന്ന മദർ സൂസൻ കുരുവിള (1927–2018). തിരുവല്ല തൈക്കടവിൽ കുടുംബാംഗമായ കുഞ്ഞമ്മ എന്ന സൂസൻ 1927 ജൂലൈ 26ന് ജനിച്ചു. നിരണം ഇലഞ്ഞിക്കൽ ചാപ്പലിലെ പ്രാർത്ഥനയിൽ ദൈവവിളി സ്വീകരിക്കുമ്പോൾ പന്ത്രണ്ട് വയസ്സു മാത്രം.

ചെറുപ്പത്തിൽ തന്നെ പ്രാർത്ഥന, ധ്യാനം, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവയിൽ സൂസൻ അതീവ ജാഗ്രത പുലർത്തി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ കൂടുതലായി അഭയപ്പെട്ട സൂസന് ക്രിസ്തു പ്രത്യക്ഷപ്പെടുന്നത് നിരണം ഇലഞ്ഞിക്കൽ കുടുംബ പള്ളിയിൽ വെച്ചാണ്. ഇക്കാര്യം മാമ്മൻ മാപ്പിള രേഖപ്പെടുത്തിയിട്ടുണ്ട് (ജീവിത സ്മരണകൾ, പേജ് 10–11).

"നിരണത്തെ ബസേലിയോസ് ചാപ്പലിൽ പകൽ ധ്യാനത്തിന് ഇരിക്കുമ്പോൾ മൂന്നുമണിക്ക് വെള്ള നിലയങ്കി ധരിച്ച് ശിരസ്സിൽ മുൾകിരീടവുമായി പ്രകാശ കതിരുകൾ ചിന്തുന്ന മശിഹായെ അവൾ കണ്ടു'' (അത്ഭുത കന്യക, പേജ് 7). പിന്നീട് നാല്പത്തി ഒന്ന് ദിവസത്തെ ഉപവാസം, ബുധൻ, വെള്ളി ഉച്ചവരെ ഉപവാസം, ശനി, ഞായർ പരിപൂർണ്ണ ഉപവാസം എന്നീ രീതിയിൽ ആദ്ധ്യാത്മിക ജീവിതം നയിച്ച സൂസന് യേശുക്രിസ്തുവിന്റെ ദർശനം പല സന്ദർഭങ്ങളിലായി ലഭ്യമായി. എല്ലാ ദർശനങ്ങളിലും ക്രിസ്തുവിന്റെ ആണിപ്പാടുകൾ സ്പഷ്ടമായി കാണാമായിരുന്നു.

വിവിധ രോഗത്താൽ ഭാരപ്പെട്ട സൂസൻ ഒരിക്കൽ ഒരു ദർശനത്തിൽ ചോദിച്ചു: അങ്ങ് ആരാണ്?

ഉത്തരം: ഞാൻ ജീവനുള്ള ദൈവമാകുന്നു!

കർത്താവ്: നിന്റെ രോഗം സൗഖ്യമാക്കുവാൻ എന്നെക്കൊണ്ടു കഴിയും എന്ന് നീ വിശ്വസിക്കുന്നുവോ.

ബാലിക: കർത്താവേ, ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

കർത്താവ്: എനിക്കുവേണ്ടി നിത്യ കന്യാവ്രതമുള്ളവളായി ആജീവനാന്തം ജീവിക്കുവാൻ നീ തയ്യാറാകുക.

ബാലിക: എനിക്ക് പൂർണ്ണ സമ്മതമാണ്.

കർത്താവ് : എപ്പോൾ ഞാൻ നിന്നെ വിളിച്ചാലും എന്റെ കുരിശ് എടുത്ത് എന്നെ അനുഗമിപ്പാൻ നീ തയ്യാറുണ്ടോ?

ബാലിക: ഈ കാര്യത്തെപ്പറ്റി എന്റെ അപ്പനോടും അമ്മയോടും ചോദിക്കണം

കർത്താവ്: ദൈവത്തെയാണോ, നിന്റെ മാതാപിതാക്കളെയാണോ നീ കൂടുതലായി സ്നേഹിക്കുന്നത്.

ബാലിക: കർത്താവേ ഞാൻ തെറ്റിപ്പോയി, എന്നോട് ക്ഷമിക്കണമേ. ദൈവത്തെ മാത്രമേ മേലാൽ കൂടുതലായി ഞാൻ സ്നേഹിക്കുന്നുള്ളൂ.

യേശുക്രിസ്തു ബാലികയുടെ ശിരസ്സിൽ മരക്കുരിശ് വച്ച് അവളെ അനുഗ്രഹിച്ചശേഷം അപ്രത്യക്ഷമായി. സൂസന് ഉണ്ടായ ഈ പ്രത്യക്ഷതാ സംഭവത്തിൽ വേറെ എട്ടുപേർ കൂടി സാക്ഷികൾ ആണ്. ക്രിസ്തുവിന്റെ ശബ്ദം മാത്രമേ അവർക്ക് കേൾക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. തുടർന്ന് അനേക സന്ദർഭങ്ങളിൽ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത നേരിട്ട് അനുഭവിച്ചറിയുവാൻ സാധിച്ചു. രോഗസൗഖ്യം നൽകിയതിനാൽ നിത്യകന്യാവ്രതവും പുണ്യജീവിതവും സൂസൻ നയിച്ചു.

വളഞ്ഞവട്ടം തൈക്കടവിൽ കുഞ്ഞമ്മ എന്ന സൂസൻ വളരെ ചെറുപ്രായത്തിൽ തന്നെ കന്യാസ്ത്രീ പദവിയിൽ എത്തി. പ. ഗീവർഗീസ് ദ്വിതീയൻ ബാവ സൂസനെ 17–ാമത്തെ വയസ്സിൽ *സിസ്റ്റർ സൂസൻ കുരുവിള* എന്ന നാമത്തിൽ കന്യാസ്ത്രീയാക്കി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ കൂടുതൽ അഭയപ്പെട്ട് ധ്യാനമനനങ്ങൾ നടത്തിയ സിസ്റ്റർ സൂസൻ കുരുവിള 1973 ൽ മുളന്തുരുത്തിയിൽ മാർ ഗ്രീഗോറിയോസ് ആശ്രമം സ്ഥാപിച്ചു. പ. ദിദിമോസ് ബാവ സിസ്റ്റർ സൂസൻ കുരുവിളയെ 2007 ജൂൺ ആറിന് മദർ സൂസൻ എന്നപേരിൽ ആശ്രമത്തിന്റെ മുഖ്യകാര്യദർശിയാക്കി. ഇത് ആശ്രമത്തിന്റെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് സഭാതലത്തിൽ അംഗീകാരം ലഭ്യമാക്കി.

പ്രാർത്ഥനയിലും ഉപവാസത്തിലും വ്രതവിശുദ്ധ ജീവിതം നയിച്ച മദർ സുപ്പീരിയർ സൂസൻ കുരുവിളയുടെ നവതി ആഘോഷം മുളന്തുരുത്തിയിൽ 2017 ജൂലൈ 26 ബുധനാഴ്ച നടത്തി. 'എല്ലാം ദൈവകൃപമാത്രമാണ്. ഒന്നിമില്ലായ്മയിൽ നിന്നും ദൈവം കരം പിടിച്ചുയർത്തി. ഇത്രത്തോളം നയിച്ച ദൈവകൃപയ്ക്ക് മഹത്വം' എന്നുമാത്രമാണ് മദർ സുപ്പീരിയർ സൂസൻ കുരുവിള ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കിയിട്ട് പറഞ്ഞത്.

വളഞ്ഞവട്ടത്തെ തൈക്കടവിൽ തറവാട്ടിൽ കുരുവിള–ദമ്പതികളുടെ അഞ്ചു മക്കളിൽ രണ്ടാമത്തെ മകളായി 1927 ജൂലൈ 26ന് കുഞ്ഞമ്മ ജനിക്കുമ്പോൾ, അവൾ കൈവകൃപയിലൂടെ വളർന്ന് സഭയ്ക്ക് 'അത്ഭുത കന്യകയായി' തീരുമെന്ന് ആരും ചിന്തിച്ചിട്ടില്ല.

നിരണം സെന്റ് മേരീസ് ഹൈസ്കൂൾ, തിരുമൂലപുരം ബാലികാമഠം സ്കൂൾ, മണിപ്പുഴ ദേവസ്വം ബോർഡ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു. വല്യപ്പച്ചൻ തൈക്കടവിൽ വർഗീസ് വക്കീലും വല്യമ്മച്ചി നിരണം ഇലഞ്ഞിക്കൽ ആച്ചിയമ്മയും ഉൾപ്പെട്ട കുടുംബത്തിലെ പ്രാർത്ഥനാന്തരീക്ഷത്തിൽ

വളരെ ചെറുപ്പത്തിൽ തന്നെ യാമപ്രാർത്ഥനാശീലവും ദേവാലയ ആരാധനയും, നിരന്തര പ്രാർത്ഥനയും വ്രതാനുഷ്ഠാനങ്ങളും സ്വായത്തമാക്കിയതിനാൽ കന്യാവ്രത ജീവിതത്തിലേക്കുള്ള വഴി എളുപ്പമായിരുന്നു.

തലവടി, പാണ്ടങ്കരി, മുണ്ടകത്തിൽ ഫാദർ എം. സി. ഗീവർഗീസ്, സിസ്റ്റർ സൂസൻ കുരുവിളയുടെ ജീവചരിത്രം 'അത്ഭുത കന്യക' എന്നപേരിൽ 1946 ൽ പ്രസിദ്ധീകരിച്ചു. അപ്പോൾ സൂസൻ കുരുവിളക്ക് 19 വയസ്സ് മാത്രം പ്രായം. ഏറ്റവും പ്രായം കുറഞ്ഞ സ്ത്രീയെക്കുറിച്ച് മലയാളത്തിൽ ഉണ്ടായ ആദ്യ ജീവചരിത്ര ഗ്രന്ഥമാണ് 'അത്ഭുത കന്യക'.

'ഇത് ജീവിച്ചിരിക്കുന്ന ഒരു അത്ഭുത കന്യകയെപ്പറ്റി ലോകം അറിയുന്നതിനും ആ യുവതിയുടെ അനുഭവങ്ങൾ വായനക്കാർക്ക് പ്രയോജനകരമാകുന്നതിനും വേണ്ടി ഈ പുസ്തകം എഴുതി എന്ന് ഫാ. എം. സി. ഗീവർഗീസ് ആമുഖത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വി. കുർബ്ബാന കൊണ്ട് മാത്രം ജീവിക്കുന്ന പുണ്യവതിയായ ഒരു അത്ഭുത കന്യകയുടെ ചുരുങ്ങിയ ഒരു ജീവചരിത്രവും ആ പുണ്യവതിക്ക് ഉണ്ടായിട്ടുള്ള ആത്മീയ അനുഭവങ്ങളും "അത്ഭുത കന്യക"യിൽ സവിസ്തരം പ്രതിപാദിക്കുന്നു.

അട്ടച്ചാക്കൽ പി. ഐ. മാത്യൂസ് റമ്പാൻ സിസ്റ്റർ സൂസൻ കുരുവിളയുടെ ശരീരത്തിൽ ഉണ്ടായ പഞ്ചമുറിവുകളെക്കുറിച്ച് ഇതിൽ സാക്ഷ്യപ്പെടുത്തുന്നു. "കഴിഞ്ഞ വർഷവും അപ്രകാരം ഉണ്ടായതായി എനിക്കറിയാം. ഈ വർഷവും അങ്ങനെ ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അവർ ദൈവത്തിന് മഹത്വവും മനുഷ്യർക്കു എത്രയും പ്രയോജനവും ആയിതീരുവാൻ പാപികളായ നമുക്ക് പ്രാർത്ഥിക്കാം" (അത്ഭുത കന്യക, പേജ് 88).

വളഞ്ഞവട്ടം പനയ്ക്കാമറ്റത്ത് ഫാ. പി. കെ. അലക്സാണ്ടർ, സിസ്റ്റർ സൂസൻ കുരുവിളയെ ഇതിൽ സ്മരിക്കുന്നു: "തൈക്കടവിൽ കുടുംബക്കാർ വളഞ്ഞവട്ടം സുറിയാനി പള്ളി ഇടവകക്കാരാണ്. അവർ എല്ലാവരേയും എനിക്ക് നല്ല പരിചയമാണ്. ദുഃഖവെള്ളിയാഴ്ച ഉച്ചകഴിഞ്ഞപ്പോൾ കുഞ്ഞമ്മയുടെ ശരീരത്തിൽ ആസകലം വേദന ആരംഭിക്കുകയും നിലത്ത് കിടന്ന് കുറേസമയം ഉരുളുകയും ചെയ്തു. സ്ലീബാ ആഘോഷം ആരംഭിച്ചപ്പോൾ കുഞ്ഞമ്മയുടെ ശരീരത്തിൽ ക്രിസ്തുവിന്റെ പഞ്ചമുറിവുകൾ പ്രത്യക്ഷമായി. മുമ്പ് ഉണ്ടായിട്ടുള്ള സ്ഥാനങ്ങളിൽ തന്നെ തൊലിപൊട്ടി രക്തം ഒലിച്ചുകൊണ്ടിരുന്നു... ശുശ്രൂഷകൾ കഴിഞ്ഞ് ഞാൻ ഇറങ്ങിച്ചെന്ന് കുഞ്ഞമ്മയുടെ ശരീരത്തിലെ പഞ്ചമുറിവുകൾ കാണുക ഉണ്ടായി. കർത്താവിന്റെ ആണിപ്പാടുകൾ പോലെ തന്നെ അവ ദൃശ്യമായിരുന്നു. കുഞ്ഞമ്മയിൽ കൂടി ദൈവം അതിശയം പ്രവർത്തിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു" (അത്ഭുത കന്യക, പേജ് 89).

വളരെ ചെറുപ്രായത്തിൽ തന്നെ വ്യത്യസ്തമായ ആത്മീയ അനുഭവം പ്രകടമാക്കിയ സിസ്റ്റർ സൂസൻ കുരുവിളയുടെ ജീവിതവും പ്രാർത്ഥനയും ജനഹൃദയങ്ങളിൽ സ്ഥാനം നേടി. നിരവധിപ്പേർ സിസ്റ്റർ സൂസൻ കുരുവിളയെ കാണുവാനും പ്രാർത്ഥന യാചിക്കുവാനുമായി എത്തിക്കൊണ്ടിരുന്നു.

ശരീരത്തിലെ പഞ്ചക്ഷതങ്ങൾ വിശ്വാസികളിൽ അത്ഭുത കാഴ്ചയായി തീർന്നു. ഈ മുറിവുകളെ *ഈശോ ക്ഷതങ്ങൾ* എന്നാണ് പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ വിശേഷിപ്പിച്ചിരിക്കുന്നത്. സൂസൻ കുരുവിളയുടെ ജീവിതത്തിലുണ്ടായ പഞ്ചക്ഷതങ്ങളെക്കുറിച്ച് ആധികാരികമായി എഴുതിയത് പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാനാണ്. മലങ്കരസഭാ മാസികയുടെ 1949 മാർച്ച് ലക്കത്തിൽ അദ്ദേഹം രേഖപ്പെടുത്തി: ഇംഗ്ലീഷ് ഭാഷാ നിഘണ്ടുവിൽ സ്റ്റിഗ്മാറ്റാ (Stigmata) എന്നും സ്റ്റിഗ്മാറ്റിസ്റ്റ് (Stigmatist) എന്നും രണ്ടു പദങ്ങളുണ്ട്. സ്റ്റിഗ്മാറ്റാ എന്നത് യേശു ക്രിസ്തുവിന്റെ മുറിവുകൾ എന്നും സ്റ്റിഗ്മാറ്റിസ്റ്റ് എന്നതിന് യേശുക്രിസ്തുവിന്റെ മുറിവുകൾ പ്രകൃത്യാതീതമായി ശരീരത്തിൽ വഹിക്കുന്ന ആൾ എന്നും അർത്ഥം. *ഈശോ ക്ഷതങ്ങൾ* എന്നും *ഈശോ ക്ഷത* എന്നും പറയാം". യേശുവിന്റെ പഞ്ചക്ഷതങ്ങൾ ശരീരത്തിൽ വഹിക്കുന്നവൾ എന്നർത്ഥം. ഫ്രാൻസിസ് ഓഫ് അസീസിക്ക് ഇത്തരം പഞ്ചക്ഷതങ്ങൾ ഉണ്ടായിരുന്നു എന്നാണ് പാരമ്പര്യം.





എം. സി. കുര്യാക്കോസ് റമ്പാൻ കാത്തലിക് എൻസൈക്ലോപീഡിയ ഉദ്ധരിച്ച് "323 പേർക്ക് ഈശോ ക്ഷതങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ 42 പേർ പുരുഷന്മാരും 281 പേർ സ്ത്രീകളും ആയിരുന്നു എന്ന് വ്യക്തമാക്കുന്നു. സിസ്റ്റർ സൂസൻ കുരുവിള 324-മത്തെ ഈശോക്ഷതം നേടിയ വ്യക്തിയായിരുന്നു എന്നു സ്ഥാപിക്കുന്നു. 'കൈപ്പത്തികളിലും പാദങ്ങളിലും വിലാവിലും ശിരസ്സിലും പ്രകൃത്യാതീത മുറിവുകൾ വഹിക്കുന്നതിനാൽ സിസ്റ്റർ സൂസൻ കുരുവിള ഒരു സമ്പൂർണ്ണ *ഈശോക്ഷത* ആകുന്നു എന്നും വിശേഷിപ്പിക്കുന്നു. പന്ത്രണ്ടാമത്തെ വയസിൽ 1939 ൽ നിത്യകന്യകാവ്രതത്തിന് സ്വയം പ്രതിഷ്ഠിച്ച സൂസൻ കുരുവിള 1941 മുതൽ 1945 വരെ ദുഃഖവെള്ളിയാഴ്ചയിൽ സ്ഥിരമായി യേശുക്രിസ്തുവിന്റെ പരിമള മുറിവുകൾ ശരീരത്തിൽ വഹിച്ചു.

1945 മുതൽ ഞായറാഴ്ച തോറും വിശുദ്ധ കുർബ്ബാനയല്ലാതെ മറ്റൊരു ഭക്ഷണവും കഴിക്കാത്ത ദിവ്യദർശനസംഭാഷണ സൗഭാഗ്യം ക്രമമായി ആസ്വദിച്ച് ദൈവകൃപയിൻ കീഴ് വിസ്മയകരമായി ജീവിച്ചു വരുന്ന സൂസൻ, നമ്മുടെ സഭയ്ക്ക് ഒരു ഭൂഷണമായി നിൽക്കാൻ സംഗതിയാകട്ടെ എന്നും സിസ്റ്റർ സൂസൻ കുരുവിള മലങ്കരസഭയ്ക്ക് ഒരു ഭൂഷണമായി തീരുമെന്നും 1949 ൽ പാത്താമുട്ടം എം. സി. കുര്യാക്കോസ് റമ്പാൻ പ്രവചിച്ചു.

വളഞ്ഞവട്ടത്തും, മാക്കാംകുന്നിലും വെച്ച് ദേഹത്ത് അതി കഠിനവേദന ഉണ്ടാകുകയും കർത്താവിന്റെ പഞ്ചക്ഷതങ്ങൾ ശരീരത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. ചൊവ്വ, വെള്ളി ദിവസങ്ങളിലും മറ്റ് പ്രത്യേക അവസരങ്ങളിലും അതികഠിന വേദനയോടെ രക്തം വമിച്ച് കർത്താവിന്റെ പീഡാനുഭവ യാതന അനുഭവിച്ചു വന്നു. ഈ വേദനയുടെ അന്ത്യത്തിൽ പ്രത്യേക ദൈവ കൃപാ കടാക്ഷം മദറിൽ ഉണ്ടാകുന്നു.

അസാധാരണ ആത്മീക നൽവരം ലഭിച്ച സിസ്റ്റർ സൂസൻ, മുളന്തുരുത്തി-കണ്ടനാട് റോഡരികിൽ വേഴപ്പറമ്പിൽ എന്ന സ്ഥലത്ത് മാർ ഗ്രീഗോറിയോസ് ആശ്രമം സ്ഥാപിച്ചു. പ്രാർത്ഥനയും ധർമ്മ പ്രവർത്തനങ്ങളും ലക്ഷ്യമാക്കി ജാതി, വർഗ്ഗ, മത വ്യത്യാസങ്ങളില്ലാതെ സാധുജനങ്ങളെ സംരക്ഷിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി. വളഞ്ഞവട്ടത്തും അട്ടച്ചാക്കലും പള്ളത്തും താമസിച്ച ശേഷമാണ് മുളന്തുരുത്തിയിൽ സ്ഥിരമായി താമസിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തത്. പരുമല തിരുമേനിയിൽ നിന്നും ലഭ്യമായ ദിവ്യദർശനത്തിന്റെ അടിസ്ഥാനത്തിലാണ് പരുമല തിരുമേനിയുടെ ജന്മസ്ഥലമായ മുളന്തുരുത്തിയിലേക്ക് സിസ്റ്റർ സൂസൻ കുരുവിള സ്ഥിരമായി താമസമാക്കിയത്.

നിരവധി ആളുകൾ മാർ ഗ്രീഗോറിയോസ് ആശ്രമം സന്ദർശിച്ച് അനുഗ്രഹങ്ങൾ നേടി. പരിശുദ്ധ പരുമല തിരുമേനിയുടെ പ്രത്യേകമായ മദ്ധ്യസ്ഥതയും അനുഗ്രഹവും സിസ്റ്റർ സൂസൻ കുരുവിളയ്ക്ക് ലഭ്യമായിരുന്നു. സിസ്റ്റർ സൂസൻ കുരുവിളയുടെ ശരീരത്തിലെ മുറിവുകളുടെ ആധികാരികത ചോദ്യം ചെയ്യപ്പെട്ട സാഹചര്യത്തിൽ ഇന്ത്യയിലെ പ്രശസ്തരായ ഡോക്ടറന്മാർ പരിശോധിച്ച് *അസ്വാഭാവികമായ മുറിവുകൾ* എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ പരിശോധനയ്ക്കുശേഷം വിദേശത്തും വിദഗ്ധമായ സൂക്ഷ്മ പഠനങ്ങൾ നടത്തിയപ്പോഴും ഈ പഞ്ചക്ഷതങ്ങൾ അസ്വഭാവികവും നൈസർഗ്ഗികവും ആണെന്ന് വിലയിരുത്തി.

ശരീരത്തിൽ വഹിച്ചിരിക്കുന്ന മുറിവുകളിൽ അലൗകികമായ ചൈതന്യം ഉൾക്കൊള്ളുന്നു എന്ന കണ്ടെത്തലുകൾ മദർ സൂസൻ കുരുവിളയ്ക്ക് ആഗോള അംഗീകാരം ലഭ്യമാക്കി. വിദേശത്തു നിന്നും വിശ്വാസികൾ എത്തി മദർ സൂസനിൽ നിന്നും അനുഗ്രഹങ്ങൾ നേടിയിരുന്നു. വിദേശ പൗരന്മാരുടെ സജീവ സാന്നിദ്ധ്യവും താമസവും മുളന്തുരുത്തി മാർ ഗ്രീഗോറിയോസ് ആശ്രമത്തിൽ എപ്പോഴും ഉണ്ടായിരുന്നു. വിദേശത്തും സ്വദേശത്തും ഒരുപോലെ ആത്മീയ നിറവിന്റെ പ്രകാശമായി അംഗീകാരം നേടിയ മദർ സൂസൻ കുരുവിളയുടെ ആദ്ധ്യാത്മിക ജീവിതം ആരാധനയാലും, വ്രതാനുഷ്ഠാനത്തിലും കേന്ദ്രീകൃതമായിരുന്നു. സാമൂഹിക ക്ഷേമ കർമ്മപദ്ധതികൾക്ക് മുളന്തുരുത്തി കേന്ദ്രമാക്കി പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ജീവിതാന്ത്യം വരെയും ശ്രദ്ധിച്ചിരുന്നു. സാമൂഹിക ദർശനത്തിൽ അടിസ്ഥാനമിട്ട ആത്മീയ സഭാജീവിത പദ്ധതികൾക്കാണ് മദർ സൂസൻ കുരുവിള പ്രാധാന്യം നൽകിയത്.

ബാല-ബാലിക ഭവനങ്ങൾ മദർ സൂസൻ കുരുവിളയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു. പ. മാത്യൂസ് ദ്വിതീയൻ ബാവ 1991 ൽ മാർ ഗ്രീഗോറിയോസ് ആശ്രമം ചാപ്പൽ കൂദാശ ചെയ്തു. മുളന്തുരുത്തിയിൽ 1973 ൽ എത്തിയ സിസ്റ്റർ സൂസൻ കുരുവിള കൃപയുടെ നീർച്ചാലുകൾ സ്വീകരിച്ച് 2018 വരെയും ആത്മീയ പ്രകാശം പരത്തിയ മുറിവുകൾ വഹിച്ച മഹത് വ്യക്തിത്വമായിരുന്നു. മാർ ഗ്രീഗോറിയോസ് ആശ്രമത്തിൽ മദർ സൂസൻ കുരുവിളയെ സന്ദർശിച്ച അനേകർക്ക് ആത്മീയ സാന്ത്വനവും വിശുദ്ധിയുടെ ചൈതന്യവും പകർന്ന മദർ സൂസൻ കുരുവിള അനേക ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടി.

ശരീരത്തിൽ വഹിച്ച മുറിവുകളും വേദനകളും പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും സാന്ത്വനത്തിന്റെയും ഹൃദ്യമായ അനുഭവമാക്കി തീർക്കുവാൻ മദർ സൂസൻ കുരുവിളയ്ക്ക് കഴിഞ്ഞു. ക്രിസ്തു സാന്നിദ്ധ്യം ശരീരത്തിൽ നിരന്തരമായി അനുഭവിച്ചറിഞ്ഞ മദർ സൂസൻ കുരുവിളയുടെ ജീവിതവും സാന്നിദ്ധ്യവും അനേകർക്ക് വിശുദ്ധി പകർന്നു. വിശുദ്ധിയുടെ ആത്മീയ സൗന്ദര്യം പകർന്ന പഞ്ചക്ഷതങ്ങളായിരുന്നു മദർ സൂസൻ കുരുവിള ശരീരത്തിൽ വഹിച്ചത് എന്ന് എനിക്കും സാക്ഷിക്കുവാൻ കഴിയും.



8-2-1950: ഞാൻ അച്ചാമ്മയുടെ വീട്ടിൽ പോയി. അദ്ഭുതകന്യകയെ ചെന്നു കണ്ടു. അഞ്ചു വർഷമായി ഭക്ഷണം കഴിക്കാതെയും ഉറങ്ങാതെയും മലമൂത്ര വിസർജ്ജനം ഇല്ലാതെയും കുരിശടയാളത്തിൽ മുറിവുകളോടുകൂടിയും പിശാചുക്കളെ പുറപ്പെടുവിച്ചു ജീവിക്കുന്നു. നിരണത്തു ഇലഞ്ഞിക്കൽ തൈക്കടവിലെ കുഞ്ഞമ്മ ആകുന്നു.

(കാനം പറപ്പള്ളിത്താഴെ പി. എം. ജേക്കബ് കത്തനാരുടെ ദിനവൃത്താന്ത കുറിപ്പുകളിൽ നിന്നും)

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായെ സഭാ ചുമതലകളിൽ നിന്നും താൽക്കാലികമായി നീക്കി

ദേവലോകം: അടൂർ - കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. സഖറിയാസ് മാർ അപ്രേമിനെ ഭദ്രാസന ഭരണത്തിൽ നിന്നും സഭയുമായി ബന്ധപ്പെട്ട എല്ലാ ഭരണപരമായ കാര്യങ്ങളിൽ നിന്നും, സഭയുടെ വൈദിക സെമിനാരിയിലെ ചുമതലകളിൽ നിന്നും ഇനിയൊരു കൽപ്പന ഉണ്ടാകുന്നത് വരെ മാറ്റി നിർത്തുവാൻ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

അദ്ദേഹം ഏതാനും ആഴ്ച്ചകൾക്ക് മുൻപ് നടത്തിയ പ്രസംഗങ്ങളിൽ സഭയുടെ ഔദ്യോഗിക നിലപാടുകൾക്ക് എതിരായ പരാമർശങ്ങൾ ഉണ്ടായി എന്നതാണ് നടപടിക്ക് കാരണമായത്. മലങ്കരസഭാ ഭരണഘടനയെ താഴ്ത്തി സംസാരിക്കുവാനും സഭയ്ക്ക് അനുകൂലമായ കോടതി വിധികൾ അപ്രധാനമാണെന്ന് പറയുവാനും ഇടയായത് സഭാമക്കളിൽ വലിയ എതിർപ്പുകളും പ്രതിഷേധങ്ങളും സൃഷ്ടിച്ചിരുന്നു. സഭാധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് ലഭിച്ച പരാതികൾ പരിഗണിക്കുവാനായാണ് പ്രത്യേക സുന്നഹദോസ് മെയ് 23-നു ചേർന്നത്.

സുന്നഹദോസ് തീരുമാനത്തെ തുടർന്ന് മാർ അപ്രേം മെത്രാപ്പോലീത്താ വഹിച്ചിരുന്ന ചുമതലകൾ മലങ്കര മെത്രാപ്പോലീത്തായായ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഏറ്റെടുത്തു.



റോം സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് കോൺഗ്രിഗ്രേഷനിൽ സ്വർഗ്ഗാരോഹണ പെരുന്നാൾ വിശുദ്ധ കുർബ്ബാനയ്ക്ക് പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ചാപ്പലിൽ ഗീവർഗീസ് മാർ കൂറിലോസ്, യൂഹാനോൻ മാർ പോളികാർപ്പോസ്, അലക്സിയോസ് മാർ യൗസേബിയസ്, ജോഷ്വാ മാർ നിക്കോദിമോസ്, ഗീവർഗീസ് മാർ തെയോഫിലോസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ യൗനാൻ മുളമൂട്ടിൽ കോറെപ്പിസ്കോപ്പാ വിശുദ്ധ കുർബാന അർപ്പിച്ചു. ബോംബെ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ യൂറോപ്പ് സന്ദർശനവേളയിൽ റോമിൽ എത്തിയ നാല്പത് പേരടങ്ങുന്ന സംഘം മെത്രാപ്പോലീത്താമാരോടൊപ്പം വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

- പ. പരുമല തിരുമേനി

ലേഖനം

സഭാഭാസുരനും ഇടവകകളുടെ ഭരണവും - 2

ജോയ്സ് തോട്ടയ്ക്കാട്

പ്രശ്നപരിഹാരത്തിനായി എത്തുമെന്നറിയിച്ചുകൊണ്ട് തൽക്കാലത്തേക്കുള്ള വ്യവസ്ഥകൾ പള്ളികളെ അറിയിക്കുന്ന രീതിയും ഉണ്ടായിരുന്നു:

"127. വടക്കൻമണ്ണൂർ പള്ളിക്കാർക്ക്. ഏറെത്താമസിയാതെ നാം ആ പള്ളിയിൽ എത്തുന്നതാകയാൽ അതുവരെയുള്ള നടപടികളുടെ വ്യവസ്ഥകൾ. 1. അമയന്നൂർ പാറേൽ വള്ളിക്കാട്ടിൽ തോമ്മാ ചാണ്ടിയെ മുതൽകെട്ടിനും, മാടത്താനിൽ കുറുമുള്ളിൽ മാണി മാണിയെ കണക്കിനും തൽക്കാലം നിയമിച്ചിരിക്കുന്നു. 2. ഇപ്പോഴത്തെയോ മുമ്പിലത്തെയോ ചുമതലക്കാരുടെ കൈവശം കിട്ടിയിട്ടില്ലാത്ത പണങ്ങൾ തൽക്കാല ചുമതലക്കാരെ ഏല്പിച്ചുകൊള്ളണം. 3. പള്ളിയുടെ അത്യാവശ്യ പണികൾ തൽക്കാല ചുമതലക്കാർ നടത്തിച്ചുകൊള്ളണം. 4. മുൻ ചുമതലക്കാർ അവിടെ വല്ലതും ചിലവാക്കിയിട്ടുണ്ടെങ്കിൽ അതു നാം അവിടെ എത്തുമ്പോൾ കണക്കു കേട്ടു തിരിയെ കൊടുപ്പിക്കുന്നതാണ്. 5. മേലാലത്തെ പള്ളിവരുമാനങ്ങൾ തൽക്കാലം ചുമതലക്കാർ സൂക്ഷിച്ചു പട്ടത്വവരുമാനങ്ങൾ പട്ടക്കാർക്കു മൂവർക്കുമായി വീതിച്ചുകൊള്ളണമെന്നും. 6. അവിടെ നടക്കുന്ന പോലീസുകേസ് നാം അവിടെ വരുമ്പോൾ സമാധാനപ്പെടുത്തുന്നതാകയാൽ മേലാൽ നടത്തിക്കൂടാ. 7. കാലാന്തര അവകാശത്തെക്കുറിച്ചുള്ള എക്സ് പാർട്ടി വിധി ഭേദപ്പെടുത്തുന്നതിനു തൽക്കാല ചുമതലക്കാർ കക്ഷിചേർന്നു പള്ളിയിൽ നിന്നും പണം ചിലവിട്ടു നടത്തിച്ചുകൊള്ളണം. എന്നു 1921-ന്നു കൊല്ലം 1096 കുംഭം 21-നു പരുമല സിമ്മനാരിയിൽ നിന്നും."

വിവാഹമോചനമൊന്നും കേട്ടുകേൾവി ഇല്ലാതിരുന്ന ആ കാലത്ത് ഭർത്താവിന്റെ ദുസ്വഭാവം മൂലം പൊറുതിമുട്ടിയ സ്ത്രീ വേറൊരു വിവാഹം കഴിപ്പാൻ അനുവാദം ചോദിച്ചതിനുള്ള മറുപടി ഇടവക വികാരിക്ക് അയച്ചത് കാണുക:

"6. തെക്കേക്കര കുറിയാക്കോസു കത്തനാർക്കു. കുന്നംകുളം തെക്കേ അങ്ങാടിയിൽ പാറന്നൂരു വറീതു മകൾ ... എന്ന സ്ത്രീ ഒരു അപേക്ഷ അയച്ചിട്ടുണ്ട്. അതിൽ ടി സ്ത്രീയുടെ ഭർത്താവിന്റെ ദുർന്നടത്ത സ്വഭാവം മുതലായവയിൽ ടി ഭർത്താവിനെ ഉപേക്ഷിച്ചു വേറൊരു വിവാഹം കഴിപ്പാൻ അനുവദിപ്പാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ അത് അനുവദിക്കത്തക്കതല്ലാത്തതുകൊണ്ടു നിങ്ങൾ പട്ടക്കാർ അവർ ഭാര്യാഭർത്താക്കന്മാരെ ഗുണദോഷിച്ചു സ്നേഹത്തിൽ യോജിപ്പിച്ചും തമ്മിൽ വസിക്കുന്നതിനു ശട്ടംകെട്ടണമെന്നും മറ്റും. 1102 ചിങ്ങം 2-നു പരുമല സിമ്മനാരിയിൽ നിന്നും."

മലങ്കര മെത്രാപ്പോലീത്തായെ കബളിപ്പിക്കാൻ ശ്രമിച്ച ഇടവകയുടെ നീക്കം ബുദ്ധിമാനായ വട്ടശ്ശേരിൽ തിരുമേനി കണ്ടുപിടിക്കയും ചോദ്യം ചെയ്യുകയും ചെയ്യുന്നു:

"14. ... പള്ളിക്കാർക്കു. പ്രിയരെ, നിങ്ങളിൽ വികാരി പയ്യമ്പള്ളിൽ മൂപ്പച്ചന്റെ ഒരു റിപ്പോർട്ട് ഈ മാസം 3-നു നമ്മുടെ പേർക്കെഴുതി അയച്ചതു നിങ്ങളിൽ പള്ളിക്കാരിൽ ഏതാനും ആളുകൾ കൂടി എഴുതിയിട്ടുള്ള ഒരു റിപ്പോർട്ടോടു കൂടി ഇവിടെ നമുക്കു കിട്ടി. പള്ളിക്കാരുടെ റിപ്പോർട്ടിൽ ആണ്ടു മാസം തീയതി കാണുന്നില്ല. കണക്കൻ മാത്രം ഒപ്പിട്ടിട്ടുള്ളതായ ... റിപ്പോർട്ടും ഇവകളോടുകൂടെ അയച്ചുതന്നതും ഇവിടെ കിട്ടി. നിങ്ങളുടെ മുമ്പിലത്തെ തിരഞ്ഞെടുപ്പും, ഇപ്പോഴത്തെ തിരഞ്ഞെടുപ്പും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതായിട്ടാണു കാണുന്നതു. മുമ്പിലത്തേതിൽ നമ്മോടു ഉപായം നിങ്ങൾ ഉപയോഗിച്ചതായി നമുക്കുണ്ടായ സംശയത്തെ ഇതു കുറെക്കൂടെ ബലപ്പെടുത്തുകയാണു ചെയ്തിരിക്കുന്നതു. അതുകൾക്കു നിങ്ങൾ യാതൊരു ഒഴികഴിവുകളും പറഞ്ഞു കാണുന്നുമില്ല. ഇപ്പോഴത്തെ റിപ്പോർട്ടു വായിച്ചതു സംബന്ധിച്ചു നമുക്കു ചില സംശയങ്ങൾ തോന്നുന്നു. നമ്മുടെ സംശയങ്ങളെ തീർത്തു തരേണ്ടിയ ചുമതല നിങ്ങൾക്കുണ്ടെന്നു നാം വിശ്വസിക്കുന്നു. ...



മലങ്കരസഭ ആഭ്യന്തര കലഹങ്ങൾക്കും വൈദേശിക ആക്രമണത്തിനും വിധേയമായിക്കൊണ്ടിരുന്ന വിധിനിർണ്ണായക ഘട്ടത്തിലാണ് പ. വട്ടശ്ശേരിൽ തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ ഭരണം നടത്തേണ്ടി വന്നത്. നയചതുരനും ക്രാന്തദർശിയുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ശൈലിയല്ല ഭരണകാര്യത്തിൽ വട്ടശ്ശേരിൽ തിരുമേനി കൈക്കൊണ്ടത്.

മുതൽകെട്ടു ചുമതലക്കാരനായി നാം കല്പന മൂലം നിയമിച്ചിരിക്കുന്നതിനാൽ ടി കുഞ്ചെറിയ വറുഗീസിനെക്കൊണ്ടു മുതൽചുമതല ജോലി നടത്തിച്ചുകൊള്ളുകയും വേണം. നിങ്ങളുടെ ആദ്യ തിരഞ്ഞെടുപ്പിൽ ടി കുഞ്ചെറിയ വറുഗീസിനെ മുതൽചുമതലക്കാരനായിട്ടും ഇപ്പോഴത്തെ തിരഞ്ഞെടുപ്പിൽ പെട്ടിസൂക്ഷിപ്പുകാരനായും നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നതായി അറിയുന്നതുകൊണ്ടു ടി കുഞ്ചെറിയാ വറുഗീസ് നമുക്കെന്നപോലെ നിങ്ങൾക്കും വിശ്വസ്തനാണെന്നു നാം വിശ്വസിക്കുന്നു."

പരാതി ലഭിച്ചതിനെ തുടർന്ന് അന്വേഷണം നടത്തി മാറ്റിനിർത്തിയവരും അനുസരണക്കേട് കാട്ടിയവരുമൊക്കെ അനുതപിച്ച് ക്ഷമ ചോദിക്കുമ്പോൾ ക്ഷമിച്ച് അവരുടെ മേൽ എടുത്ത നടപടി നിർത്തി വയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്ന പല സംഭവങ്ങളും കല്പന ബുക്കുകളിൽ നിന്നും ലഭിക്കുന്നുണ്ട്:

"18. പുന്നവേലിൽ പള്ളിക്കാർക്കു. പ്രിയരെ, ഈ കഴിഞ്ഞ ... കഴിഞ്ഞ കർക്കടകം 14-നു അയച്ച കല്പന മൂലം റദ്ദു ചെയ്യുകയും തൽക്കാല ആവശ്യങ്ങൾ

നടത്തുന്നതിലേക്കു ഈ മാസം 7-നു ഒരു കല്പന നിങ്ങൾക്കയക്കയും ചെയ്തിട്ടുണ്ടല്ലോ.

നമ്മുടെ അലക്സന്ത്രയോസു കത്തനാർ ഇന്നലെ ഇവിടെ നമ്മുടെ അടുക്കൽ വരികയും അയാളെ സംബന്ധിച്ചുള്ള സമാധാനങ്ങൾ ഒക്കെയും നമ്മുടെ അടുക്കൽ ബോധിപ്പിക്കുകയും ടി സംഗതികൾക്കു ക്ഷമായാചനം ചെയ്കയും ചെയ്തതിനാൽ നാം ഇപ്പോൾ നിങ്ങളുടെ പേർക്കു ഇതു എഴുതുന്നതാണു. ആ പള്ളിയുടെ വികാരി പയ്യമ്പള്ളിൽ മൂപ്പച്ചനെക്കൊണ്ടു തനിച്ചു വി. കുർബ്ബാന മുതലായ ആത്മീയ കർമ്മങ്ങൾ വീഴ്ച കൂടാതെ അവിടെ നടത്തുക പ്രയാസമാകകൊണ്ടു മാസത്തിൽ ഒരു തവണ അന്ത്രയോസു കത്തനാരെക്കൊണ്ടു കൂടെ നടത്തിച്ചുകൊള്ളുകയും കല്യാണങ്ങൾക്കു കുറി മുതലായി വികാരിത്വത്തിനടുത്ത സകല ... അധികാരങ്ങളും വികാരി പയ്യമ്പള്ളിൽ മൂപ്പച്ചനെക്കൊണ്ടു നടത്തിച്ചുകൊള്ളുകയും ചെയ്യണം. മറ്റുള്ള നിങ്ങളുടെ അപേക്ഷയെ സംബന്ധിച്ചു കേട്ടു തീരുമാനിക്കുന്നതിനു വേണ്ടി നിങ്ങൾ പള്ളിക്കാർ ഇവിടെ നമ്മുടെ അടുക്കൽ വന്നുചേരണമെന്നും ചിങ്ങ മാസം 7-നു നാം അയച്ചിരുന്ന കല്പനപ്രകാരം നിങ്ങൾ താമസിയാതെ നമ്മുടെ മുമ്പാകെ വന്നുചേരുമെന്നു വിശ്വസിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും ... 1102 ചിങ്ങം 9-നു പരുമല സിമ്മനാരിയിൽ നിന്നും."

കുരിശുപള്ളി സ്ഥാപനം സംബന്ധിച്ച് അയച്ച കല്പനയിൽ, കാര്യങ്ങൾ ഭാവിയിൽ തർക്കത്തിനു കാരണമാകാതിരിക്കാൻ വ്യവസ്ഥകൾ പറയുന്നു:

"44. പാതിക്കാട്ടു പുത്തൻപള്ളിക്കാർക്കു. പ്രിയരെ, ആനിക്കാട് മുറിക്കാരുടെ അപേക്ഷയെ സംബന്ധിച്ചു നാം നിങ്ങൾക്കയച്ചിരുന്ന കല്പനയ്ക്കു ആ പള്ളിയുടെ വികാരിയായ താഴത്തെപീടികയിൽ അലക്സന്ത്രയോസു കത്തനാർ നിങ്ങൾ പള്ളിക്കാരുടെ അഭിപ്രായം അറിയിക്കുന്നതായ റിപ്പോർട്ട് ഈ മാസം 20-നു നമുക്കയച്ചു തന്നതു കിട്ടി. ടി മുറിക്കാരുടെ അപേക്ഷയനുവദിച്ചു കൊടുക്കേണ്ടതു തന്നെയെന്നാണ് നിങ്ങളുടെയും അഭിപ്രായമെന്നറിയുന്നതിൽ നമുക്കു വളരെ സന്തോഷമുണ്ട്. അതിനാൽ ടി ആനിക്കാട്ടു മുറിയിൽപെട്ടവരായ നമ്മുടെ ആത്മിക മക്കളെ ഇന്നു മുതൽ മേലാൽ പാതിക്കാട്ടു പുത്തൻപള്ളി ഇടവകക്കാരായി ചേർത്തു നടത്തിക്കൊള്ളുകയും അവർക്കു അവരുടെ സമീപം ഒരു കുരിശുപള്ളി സ്ഥാപിക്കുന്നതിനു വേണ്ടി അവരിൽ നിന്നുള്ള പള്ളിവരുമാനങ്ങൾ അവരിൽ നിന്നു അവർ തിരഞ്ഞെടുത്തു നിങ്ങളെ അറിയിക്കുന്ന ആളുകളെ ഏല്പിച്ചുകൊള്ളുകയും, പള്ളിവരുമാനങ്ങൾ കഴിച്ച് പട്ടക്കാർക്കുള്ള പതാരം, ഓഹരി, കയസൂരി മുതലായ പട്ടത്വ വരുമാനങ്ങൾ മാത്രം അവരോടു പള്ളിവകയായി വെയ്പിച്ചു മുതൽകെട്ടിൽ ചേർക്കുകയും പട്ടക്കാർ ടി മുറിക്കാർക്കുള്ള സകല ആത്മീയ ദിഷ്ടതികളും വീഴ്ച കൂടാതെ നടത്തിക്കൊടുക്കയും ചെയ്തുകൊള്ളണം."

വികാരി തന്റെ ചുമതലകൾ നിർവ്വഹിക്കുന്നില്ല എന്ന പരാതിയിൽ വട്ടശ്ശേരിൽ തിരുമേനി മറുപടി നൽകുന്നത് കാണുക:

"58. ... ഈ വിധമുള്ള ദുർമാർഗ്ഗ നടപടികൾ ആ ഇടവകയിൽ ഉണ്ടായിട്ടുണ്ടെന്നു വികാരി അറിഞ്ഞതിനാൽ അതിനുതക്ക പരിഹാരം ഉണ്ടാക്കേണ്ടിയതു വികാരിയുടെ ചുമതലയായിരിക്കുമ്പോൾ ഇടവകക്കാർ വികാരിയുടെ അടുക്കൽ അതുകളെ സംബന്ധിച്ചു ബോധിപ്പിച്ചിട്ടും വികാരി മൗനമായിരിക്കയാണെങ്കിൽ അതിശയിക്കേണ്ടിയിരിക്കുന്നു. ഇതുകളെ സംബന്ധിച്ചു വികാരി ഇതേവരെ നമ്മുടെ അടുക്കൽ എഴുതി അയച്ചിട്ടില്ല. ഇങ്ങനെയുള്ളതിൽ വികാരിയും ഇടവകക്കാരും മൗനമായിരിക്കുന്നപക്ഷം ഇടവകയിൽ ദുർമാർഗ്ഗങ്ങളും അനീതികളും വർദ്ധിക്കുകയും വി. സഭ അന്യന്മാരുടെ കൺകളിൽ ദുഷിക്കപ്പെടുകയും ദൈവകോപത്തിനു നാം പാത്രവാന്മാരായിതീരുകയും ചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ നമ്മുടെ കല്പന അവിടെ കിട്ടിയാലുടൻ തന്നെ വികാരി മേൽപറഞ്ഞ ഇരുവർക്കും നോട്ടീസ് അയച്ചു യോഗമുമ്പാകെ വരുത്തി ചോദിക്കയും, മേൽപറഞ്ഞവ സത്യമെന്നു കാണപ്പെടുകയോ നോട്ടീസയച്ചിട്ടു സമാധാനം ബോധിപ്പിക്കുന്നതിനു അവർ യോഗമുമ്പാകെ വരാതിരിക്കുകയോ ചെയ്യുന്നപക്ഷം അവരെ നമ്മുടെ വിശുദ്ധ സഭയുടെ അംഗങ്ങളായി ഗണിക്കാതെ നമ്മുടെ വിശുദ്ധ സഭയുടെ സംബന്ധത്തിൽ നിന്നും വിരോധിച്ചു വേർതിരിച്ചു നിർത്തിക്കൊള്ളുകയും ചെയ്യുന്നതിനു ഈ കല്പനയാൽ തന്നെ വികാരി വടക്കേക്കര കത്തനാരെ നാം അധികാരപ്പെടുത്തിയിരിക്കുന്നതുകൊണ്ടു വികാരിയെ ധിക്കരിച്ചുകൊണ്ടു ... "

പ്രശ്നപരിഹാരത്തിനു തന്റെ അടുക്കലേക്കു വിളിച്ചു വരുത്തി ഇരു കൂട്ടരെയും കേട്ട് തർക്കങ്ങൾ അവസാനിപ്പിച്ചതിനു ശേഷം ആ യോഗ നിശ്ചയങ്ങൾ ചേർത്ത് പള്ളിക്കയച്ച കല്പന കാണുക:

"219. പുന്നവേലി പള്ളിക്കാർക്കു. പ്രിയരെ, നിങ്ങൾ പള്ളിക്കാരും, വികാരി പയ്യമ്പിള്ളിൽ മൂപ്പച്ചനും നാം അയച്ചിരുന്ന കല്പന അനുസരിച്ചു ഇവിടെ നമ്മുടെ മുമ്പാകെ വന്നു ഇന്നലെയും ഇന്നുമായി ആ പള്ളി സംബന്ധമായ കാര്യങ്ങൾ ബോധിപ്പിക്കയും ഇന്നുവരെയുള്ള വരവുചിലവുകളുടെ കണക്കു കേട്ടു തിരട്ടാക്കി അതിൻപ്രകാരം ഒഴുമുറിയും വെയ്ക്കയും പുതിയ ചുമതലക്കാരായി പെട്ടിസൂക്ഷിപ്പിനും, മുതൽപിടിക്കും, കണക്കിനും, താക്കോൽ സൂക്ഷിപ്പിനും ആളുകളെ തിരഞ്ഞെടുത്തു അവരെ ക്രമപ്രകാരം നിയമിക്കയും ചെയ്തിരിക്കുന്നതിനാൽ ഇനിയുമൊരു കല്പന നാം അയക്കുന്നതുവരെ താഴെ വിവരിക്കുന്ന നിയമങ്ങൾ അനുസരിച്ചു നിങ്ങൾ നടന്നും നടത്തിച്ചുംകൊള്ളണം.

1. ഇന്നു മുതൽക്കു പള്ളിയുടെ മുതൽപിടിക്കാരനായി മാലമ്മാക്കൽ കുരുവിള ഈപ്പനെയും, രണ്ടു പ്രതി കണക്കെഴുത്തിനു കണക്കന്മാരായി ചെനറിക്കാലുങ്കൽ കുര്യൻ വറുഗീസിനെയും, കാവുങ്കൽ ... തോമ്മായെയും, നാലുപൂട്ടു പെട്ടിയുടെ താക്കോൽക്കാരായി കല്ലമാരിക്കൽ കുരുവിള ഈപ്പനെയും, എടവട്ടാൽ കോരുള ചാക്കോയെയും തറക്കില്ലനറ ചെറിയതു പോത്തയെയും ആലുങ്കൽ പടിഞ്ഞാറേതിൽ മാത്തുണ്ണി മത്തായിയെയും ടി നാലുപൂട്ടു പെട്ടിയുടെ സൂക്ഷിപ്പുകാരനായി കുറ്റുള്ളതറ കുഞ്ചെറിയാ വറുഗീസിനെയും ഈ കല്പന മൂലം നാം നിയമിച്ചിരിക്കുന്നതിനാൽ അവർ അവരവർക്കുള്ള ചുമതലകളെ ഭംഗിയായും കൃത്യമായും നടത്തിക്കൊള്ളണം."

തുടർന്ന് എട്ട് തീരുമാനങ്ങൾ നമ്പരിട്ട് വിവരിച്ചിരിക്കുന്നു. ഭാവി കാര്യങ്ങൾ ഭദ്രാസന മെത്രാപ്പോലീത്തായുമായി ആലോചിച്ചു തീരുമാനിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

പള്ളി വരുമാനങ്ങൾ വാങ്ങാതെ ആത്മീയ കർമ്മങ്ങൾ നടത്തി കൊടുക്കരുതെന്ന് പല കല്പനകളിലും നിർദ്ദേശിക്കുന്നു:

"234. ളാക്കൂർ പള്ളിക്കാർക്കു. യാതൊരു കുഴപ്പവും മറ്റും ഇല്ലാതിരുന്ന ആ പള്ളിയിൽ ഉടമ്പടി, പട്ടംകൊട മുതലായ കാരണങ്ങൾ പറഞ്ഞു തർക്കങ്ങൾ ഉണ്ടായിരിക്കുന്നതിൽ ഉടൻ പരിഹാരം ഉണ്ടാക്കുന്നതിനു ഈ കല്പന അയക്കുന്നു. ... ഒരു ശവമടക്കത്തിനു മുതൽക്കെട്ടിൽ കുഴിക്കാണം ഏല്പിച്ചിട്ടുണ്ടെന്നു മുതൽകെട്ടുകാരൻ നമ്മുടെ അടുക്കൽ വന്നു ബോധിപ്പിച്ചിരിക്കുന്നു. വരുന്ന ഞായറാഴ്ച നടത്തുവാനിരിക്കുന്ന കർമ്മങ്ങൾക്കുള്ള എല്ലാ പള്ളിവരുമാനങ്ങളും വാങ്ങിക്കാതെ കല്യാണങ്ങൾ നടത്തിക്കൊടുത്തു കൂടായെന്നു നാം വിരോധിക്കുന്നു. പള്ളിക്കാര്യങ്ങൾ ഉടൻ നമ്മുടെ കൊച്ചുമെത്രാച്ചന്റെ അടുക്കൽ ബോധിപ്പിച്ചു അദ്ദേഹത്തിന്റെ കല്പനപോലെ കേട്ടു നടന്നു കൊള്ളണം. ... എന്നു 102 ധനു 29-നു പരുമല സിമ്മനാരിയിൽ നിന്നും."

ഉപസംഹാരം

ബഹുമുഖ പ്രതിഭയായിരുന്ന വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ സ്വയംശീർഷകത്വത്തിനും സ്വാതന്ത്ര്യത്തിനുമായി ഒരു പുരുഷായുസ്സ് മുഴുവൻ അടരാടി. സഭാസംബന്ധമായ പ്രതിസന്ധികളെയും കൂടെ നിന്നവരുടെ ചതിയെയും ഏകാകിയുടെ ആത്മപൗരുഷത്തോടെ അദ്ദേഹം നേരിട്ടു. വൈദിക-അവൈദിക വ്യത്യാസം കൂടാതെ സഭാവിശ്വാസികളെ സഭാഗാത്രത്തിലെ രക്തധമനികളാക്കി അവരുടെ സർഗ്ഗശക്തിയെ സഭയുടെ സമഗ്ര പുരോഗതിയിലേക്കു അദ്ദേഹം തിരിച്ചുവിട്ടു. പഴയസെമിനാരിയുടെ നാലുകെട്ടിൽ മാത്രമല്ല മർദ്ദീനിലെ മരണനിഴലിലും കാവൽമാലാഖമാർ ആ വിശുദ്ധനെ കാത്തുസൂക്ഷിച്ചു. സത്യത്തിനും ധർമ്മത്തിനുംവേണ്ടി നിലകൊണ്ട 'മലങ്കരസഭാഭാസുരൻ' മലങ്കരസഭാ ചരിത്രത്തെ പ്രദീപ്തമാക്കിയ സൂര്യനായിരുന്നു.

1. മലങ്കരസഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, ഫാ. ഡോ. ജോസഫ് ചീരൻ, എം. ജെ. ഡി. പബ്ലിഷിംഗ് ഹൗസ്, കുന്നംകുളം, 2011, പേജ് 201, 202.

2. ടി ഗ്രന്ഥം, പേജ് 202.

3. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി, ഫാ. ഡോ. ജോസഫ് ചീരൻ, പുറം 596-597.

4. മലങ്കരസഭാ കേസുകളുടെ സമഗ്ര സമാഹാരം, അഡ്വ. കെ. മാത്തൻ, കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, മാങ്ങാനം, 2010, പേജ് 234.

❑



പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായർ

(വി. യോഹന്നാൻ 13:31–36)

ഫാ. മോൻസി ഫിലിപ്പ്

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം, പരിശുദ്ധാത്മാവിനെ പുതുക്കുന്ന പെന്തിക്കോസ്തി പെരുന്നാളിലേക്ക് പ്രവേശിക്കുന്നതിന് ഇടയിലുള്ള ഞായർ. സ്വർഗ്ഗാരോഹണത്തിനുശേഷം പരിശുദ്ധാത്മ പുതുക്കത്തിനായുള്ള കാത്തിരിപ്പിന്റെ നാളുകൾ. ആത്മശരീര മനസ്സുകളെ, ദൈവമേ; അവിടുന്ന് ശുദ്ധീകരിച്ച് അവിടുത്തെ ആത്മാവിനെ എന്നിൽ സ്ഥിരപ്പെടുത്തേണമേ എന്ന പ്രാർത്ഥനാ മന്ത്രങ്ങളുമായി ചരിക്കാം.

"ജീവിതത്തിൽ ലഭിക്കുന്ന അവസരങ്ങൾ വിശുദ്ധിയിലേക്കുള്ള യാത്രയാക്കി മാറ്റുമ്പോൾ ജീവിതം ധന്യതയും ശ്രേഷ്ഠവും ആയിത്തീരും."

ഇന്നത്തെ വേദഭാഗം

വി. യോഹന്നാൻ 13:31–36

യേശുതമ്പുരാൻ ലോകം വിട്ട് തന്റെ പിതാവിന്റെ അടുക്കൽ പോകുവാൻ സമയം വന്നു എന്ന് മനസ്സിലാക്കി അവസാന അത്താഴം ഒരുക്കി. അത്താഴത്തിനു മുമ്പായി തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി. അതിനുശേഷം അപ്പം നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു. അപ്പഖണ്ഡം മുക്കി യൂദായ്ക്കു നൽകി. ഒറ്റിക്കൊടുക്കുന്നവൻ യൂദായാകുന്നു എന്ന് ഗുരുവിനു വ്യക്തം. അപ്പം വാങ്ങിയ ഉടൻ അവൻ പുറത്തേക്ക് പോയ ശേഷം യേശുതമ്പുരാൻ തന്റെ മഹത്വീകരണത്തെക്കുറിച്ചുള്ള പ്രബോധനം ശിഷ്യർക്കു നൽകുന്നു. ഒരു കല്പന കൂടി നൽകി.

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം." വി. യോഹന്നാൻ 13:34

സ്നേഹംകൊണ്ട് മാത്രം ക്രിസ്തുശിഷ്യൻ ആകൂ എന്ന പാഠം കൂടി നൽകുന്നു. തുടർന്ന് യേശുവിനോട് പത്രോസിന്റെ ചോദ്യം "നീ എവിടെ പോകുന്നു?" ഞാൻ പോകുന്ന ഇടത്തേക്ക് നിനക്ക് ഇപ്പോൾ എന്നെ അനുഗമിപ്പാൻ സാധ്യമല്ല. പിന്നത്തേതിൽ നീ എന്നെ അനുഗമിക്കും. യേശുതമ്പുരാന്റെ മറുപടി. ഇതാണ് വേദഭാഗം പ്രതിപാദിക്കുന്നത്.

വേദഭാഗചിന്തകൾ

1. ദൈവീക മഹത്വം – വാഴ്ചയുടെ സന്ദേശം

വി. യോഹന്നാൻ 13: 31–32

"മനുഷ്യപുത്രൻ മഹത്വം പ്രാപിച്ചു. ദൈവം അവനിൽ മഹത്വം പ്രാപിച്ചു."

ദൈവീക മഹത്വത്തെക്കുറിച്ച് ക്രിസ്തുവിന്റെ പ്രബോധനം. തന്റെ ജീവിതത്തിൽ വരുവാനിരിക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള ഉറച്ച ബോധ്യം യേശുവിനുണ്ട്. ക്രൂശിന്റെ വഴിയിലൂടെയാണ് ക്രിസ്തു ദൈവീക മഹത്വത്തിലേക്ക് പ്രവേശിക്കുന്നത്. മനുഷ്യന്റെ സംതൃപ്തിക്കുവേണ്ടിയല്ല, പിതാവിന്റെ ഇച്ഛയെ നിറവേറ്റുന്നതായിരുന്നു അവന്റെ ജീവിതം.

മഹത്വീകരണം തുടർജീവിതങ്ങളിൽ വാഴ്ചയുടെ സന്ദേശമാണ്. ദൈവഹിതം തിരിച്ചറിയുന്നതും, വിധേയപ്പെടുന്നതും ദൈവത്തിനു പ്രവർത്തിക്കുന്നതിനുള്ള സമയമാണ്. ദൈവത്തിന്റെ ഹിതം നമ്മിൽ ആരംഭിക്കുന്നതിലൂടെ ലോകത്തിനുള്ള സന്ദേശം കൂടിയാണ് നമ്മുടെ ജീവിതം.

"ജീവിതം ജീവിച്ചു തീർക്കുന്നതിലല്ല, എങ്ങനെ ജീവിച്ചു എന്നതും, എന്തിനു ജീവിച്ചു എന്നതുമാണ് വരുംതലമുറകൾക്ക് സന്ദേശം."

മഹത്വീകരണത്തിന്റെ നാലു തലങ്ങൾ

1. മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു.

ക്രൂശാരോഹണം സമീപമായിരിക്കുന്നു. പന്തിയിൽ നിന്നാ യൂദാ പുറത്തേക്ക്. ക്രൂശ് അടുത്തുവന്നിരിക്കുന്നു. ജീവിതത്തിലെ ഏറ്റവും വലിയ മഹത്വം. ത്യാഗം മൂലം വരുന്നതത്രേ. ലോകത്തിനായി ജീവൻ ത്യജിച്ച ശ്രേഷ്ഠതയാണ് ക്രിസ്തുമാഹാത്മ്യം.

2. പുത്രൻ മൂലം ദൈവം മഹത്വപ്പെട്ടിരിക്കുന്നു

ക്രിസ്തുവിന്റെ അനുസരണം വിധേയത്വം ഇതാണ് ദൈവത്തെ മഹത്വപ്പെടുത്തിയത്. "ക്രൂശിലെ മരണത്തോടും അനുസരണമുള്ള ക്രിസ്തു."

"ഒരു മനുഷ്യന് അവന്റെ സ്നേഹവും സമർപ്പണവും കാണിക്കുവാൻ കഴിയുന്നത് അനുസരണത്തിലൂടെ മാത്രമാണ്.

3. ദൈവം ക്രിസ്തുമൂലം മഹിമപ്പെട്ടു

ക്രിസ്തുവിന്റെ മുഷ്യാവതാരം. രക്ഷാകരമായ മരണം എന്നിവമൂലം ദൈവസ്നേഹം പ്രത്യക്ഷമാക്കുകയും അങ്ങനെ ദൈവമഹത്വം വർദ്ധിക്കുകയും ചെയ്തു.

4. ദൈവം ക്രിസ്തുവിനെ മഹത്വപ്പെടുത്തും

മരണസമയത്തെ ഭൂകമ്പം, അന്ധകാരം, മരിച്ചവരുടെ പുനരുത്ഥാനം, ദൈവാലയമറ കീറിയത് ആദിയായവ മൂലം ക്രിസ്തുവിന്റെ ദൈവത്വം ലോകത്തിന് പിതാവ് വെളിപ്പെടുത്തി. അതിനുപുറമെ പുനരുത്ഥാനവും, സ്വർഗ്ഗാരോഹണവും.

ക്രിസ്തുവിന്റെ ക്രൂശുമരണത്തോളം മറ്റൊന്നില്ല. സഹനത്തിന്റെ പാഠം അവിടെ തുടങ്ങും. അതു മനസ്സിലാക്കിയാൽ ജീവിതത്തിന്റെ ഏതു സാഹചര്യവും നിസ്സാരം. ക്രൂശിൽ ക്രിസ്തു മഹത്വം കണ്ടു. തന്റെ രണ്ടാമത്തെ വരവിൽ സകല ലോകത്തിനും പ്രപഞ്ചത്തിനു തന്റെ മഹത്വം പ്രദർശിപ്പിക്കപ്പെടും.

ക്രിസ്തുവിനെ ഒന്നു സൂക്ഷിച്ചു നോക്കിയാൽ നമ്മിലെ അഹം നീങ്ങിപ്പോകില്ലേ. എന്നാൽ നമ്മിലെ അഹം ഒളിപ്പിച്ചുവെച്ചിരിക്കുന്നതെവിടെ എന്ന് കണ്ടെത്തുന്നതല്ലേ ആദ്യകർമ്മം. കണ്ടെത്തി ഒഴിവാക്കിയാൽ പിന്നെ നമ്മിലെ 'യൂദാ' സ്വഭാവം ക്രിസ്തുഭാവമായി രൂപാന്തരപ്പെടും. അതിനായി ജീവിതം ക്രമീകരിക്കാം. ദൈവത്തിലൂടെ നാമും നമ്മിലൂടെ ദൈവവും മഹത്വപ്പെടുവാനും, നമ്മുടെ ജീവിതങ്ങൾ പിന്നാലെയുള്ളവർക്ക് സന്ദേശമാകുവാനും.

2. "കുഞ്ഞുങ്ങളേ" – സ്നേഹപൂർണ്ണമായ വിളി

വി. യോഹന്നാൻ 13:33

യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരെ "കുഞ്ഞുങ്ങളേ" എന്നു വിളിക്കുന്നു. ഇത് ദൈവീകമായ ഒരു പിതൃത്വസൂചകം. കരുതൽ. "കുറച്ചുനേരം കൂടി മാത്രമേ ഞാൻ നിങ്ങളോടൊപ്പം ഉള്ളൂ." ആ നേരം തന്റെ ശിഷ്യന്മാരെ കുഞ്ഞുങ്ങളെപ്പോലെ കരുതുന്നു. സ്നേഹമുള്ള അപ്പൻ അങ്ങനെയാണ്, ഹൃദയസ്പർശകമായ സംബോധനകൾ കൊണ്ട് മക്കളെ ചേർത്തുനിർത്തും. ശിഷ്യന്മാരെ അത്ര സ്നേഹം. ഇതു നമുക്കും ശീലമാക്കാം. ഹൃദയത്തിൽ നിന്നുതിരുന്ന സ്നേഹവിളികൾക്ക് മധുരം ഏറെയാണ്. സ്നേഹം കൊതിക്കുന്ന ജീവിതങ്ങൾ നാം അറിയാതെ അനവധിയാണ്. മാതൃത്വവും പിതൃത്വവും നഷ്ടപ്പെടുന്ന ആധുനിക കാലഘട്ടത്തിൽ ക്രിസ്തുവിന്റെ സ്നേഹം അനുകരണീയമാക്കണം. ക്രിസ്തുവിന്റെ കുഞ്ഞുങ്ങളേ എന്ന സംബോധന

1. ഹൃദയസ്പർശകമാണ്
2. സ്നേഹത്തിന്റെ തുളുമ്പൽ

3. കർത്തൃസാമീപ്യം അനുഭവവേദ്യം

യാഥാർത്ഥ്യങ്ങളെ മറച്ചുവെച്ച് ഏറെ അഭിനയിച്ചു നടക്കുന്ന മനുഷ്യലോകം. പ്രകാശത്തിൽ ഒന്ന്, ഇരുട്ടിൽ മറ്റൊന്ന്, പരസ്യത്തിൽ ഒന്ന്, സ്വകാര്യതയിൽ വേറൊന്ന്, അങ്ങനെ ജീവിതം ആടിത്തീർക്കുന്നു.

ഇനിയെങ്കിലും കരുതലിന്റെ വിളികൾ നാമും നമ്മിൽ നിന്ന് ചിലരും ആഗ്രഹിക്കുന്നു. ചില സ്നേഹത്തിന്റെ വിളികൾ ചില ജീവിതങ്ങളിൽ വെളിച്ചം നൽകും. നിരാശയ്ക്ക് മാറ്റം വരുത്തും. അതും ആത്മാർത്ഥ സ്നേഹത്തോടെയാണെങ്കിൽ ചില ജീവിതങ്ങൾ വഴിപിഴയ്ക്കാതെ അനുഗ്രഹമാകും.

"ശൗൽ എന്ന വ്യക്തി പൗലോസ് ശ്ലീഹാ ആയതുപോൽ."

3. സ്നേഹിക്കുക എന്ന പുതിയ ക്രിസ്തു കല്പന.

വി. യോഹന്നാൻ 13:34-35.

പഴയനിയമത്തിലെ പത്തു കല്പനകളുടെയും സാരസംഗ്രഹമായ കല്പന."തമ്മിൽ തമ്മിൽ സ്നേഹിക്കണം."സ്നേഹത്തിന്റെ മാതൃക യേശുക്രിസ്തുവിന്റെ ജീവിതം തന്നെയാണ്. ഇതു പുതിയ കല്പനയാണെങ്കിലും അതിന്റെ അടിസ്ഥാനം ആഴമുള്ളതും ദൈവീകവുമായ സ്നേഹമാണ്.

ക്രിസ്തു നൽകിയ "സ്നേഹിക്കണം" എന്ന കല്പന ശിഷ്യന്മാർക്കു മാത്രമല്ല നമ്മൾക്കേവർക്കുമായിട്ടാകുന്നു.സ്നേഹമുണ്ടെങ്കിൽ മാത്രമേ അവന്റെ അനുയായികളായി തീരുവാൻ നമുക്കു സാധ്യമാകയുള്ളു.

"സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല."

1 കൊരി. 13:8

ക്രിസ്തു പഠിപ്പിക്കുന്ന ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ സ്നേഹിക്കുവാൻ വേണ്ടിയാണ്. ക്രിസ്തുവിന്റെ സ്നേഹം നൈർമ്മല്യവും, പ്രതിഫലം ആഗ്രഹിക്കാത്തതുമാണ്. അപ്രകാരം നമുക്കും സാധ്യമാകണം. സ്നേഹത്തിന്റെ മാനദണ്ഡങ്ങൾ ഇന്നിന്റെ സൗഭാഗ്യങ്ങൾ ആകരുത്. അതിനുമപ്പുറം തുറന്ന മനസ്സോടെ ജാതി, വർഗ്ഗ, വർണ്ണ, വിവേചനമില്ലാതെ മനുഷ്യനെ മനുഷ്യനായി കാണുന്ന സ്നേഹം, അത് ഹൃദയത്തിന്റെ അന്തരംഗങ്ങളിൽ നിന്ന് ഉത്ഭവിക്കുന്നതാകണം.

"സ്നേഹത്തിന്റെ കല്പന നൽകുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ."

1. കർത്താവ് ശിഷ്യന്മാരെ വിശ്വസ്തതയിലെടുത്തു പൂർണ്ണമായി സ്നേഹിച്ചു.
2. നിസ്വാർത്ഥമായി സ്നേഹിച്ചു.
3. അവസാനം വരെ സ്നേഹിച്ചു.
4. ക്ഷമയോടെ സ്നേഹിച്ചു.


മനുഷ്യരെ സ്നേഹിക്കുമ്പോൾ ബലഹീനതകളുടെ കുറവുകളും അറിഞ്ഞ് സ്നേഹിക്കണം. എല്ലാവരും ഒരുപോലെ അല്ലല്ലോ. ഒരു മനുഷ്യൻ എന്തായിരിക്കുന്നു എന്നതിലല്ല അവനാരാകുന്നു എന്നതാണ് പ്രധാനം; നമ്മൾ ആയിരിക്കുന്ന പ്രകാരം കർത്താവു നമ്മെ അത്യധികമായി സ്നേഹിക്കുന്നു. തിരികെ നാമും കൊടുക്കണം.

"പലപ്പോഴും നമ്മൾക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴികയില്ല. പക്ഷേ വലിയ സ്നേഹത്തോടെ ചെറുതായി ചെയ്യാം."

സ്നേഹത്തിന്റെ ആത്മാവിൽ ജീവിക്കാം. സ്നേഹം ബന്ധങ്ങൾ ദൃഢമാക്കും. അകന്നവരെ നമ്മിലേക്ക് അടുപ്പിക്കും. സമാധാനം ഉളവാകും. വാങ്ങുന്നവൻ മാത്രമാകാതെ കൊടുക്കുന്നവരാക്കിത്തീർക്കും.

ക്രിസ്തുവിന്റെ ജീവിതം സ്നേഹമാണ്. അവന്റെ ക്രൂശ് സ്നേഹമാണ്. അവന്റെ വിലാവിൽ നിന്നൊഴുകുന്ന രക്തം സ്നേഹമാണ്. അടികളാൽ പറിഞ്ഞ മാംസങ്ങൾ സ്നേഹമാണ്. ഇതെല്ലാമറിഞ്ഞിട്ടും സ്നേഹിക്കാത്ത നാം അവന്റെ യഥാർത്ഥ ശിഷ്യരാണോ. ആണെന്ന് അധരം കൊണ്ട് പറയുവാൻ എന്താണ് യോഗ്യത.

അവന്റെ പുതിയ കല്പന ഒരു ധ്യനമാകുമ്പോൾ ഒരിക്കൽകൂടി ആവർത്തിച്ചു കേൾക്കുമ്പോൾ ഒരു നോവായി, ഒരു മുറിവായി അതിലൂടെ പുതിയ കല്പന ജീവിതത്തിൽ സാക്ഷിക്കുന്നവരായിത്തീരാം. സ്നേഹിക്കാൻ പഠിക്കാം, പഠിപ്പിക്കാം, പ്രാവർത്തികമാക്കാം. ഒരു സന്ദേശമായി ജീവിതം പടുത്തുയർത്താം.... അതിലൂടെ ക്രിസ്തു ശിഷ്യരാകാം...





തൃശൂർ കരിപ്പക്കുന്ന് മാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളിയുടെ എഴുപത്തിഅഞ്ചാം വാർഷിക പരിപാടികളുടെ സമാപന സമ്മേളനം അഡ്വ. ചാണ്ടി ഉമ്മൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഡോ. യാക്കോബ് മാർ ഐറേനിയോസ് അദ്ധ്യക്ഷത വഹിച്ചു..

"നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്രോഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല."

- പ. പരുമല തിരുമേനി

Church Calendar

Sunday Before Pentecost



(St. John 13:31–36)

Fr Aharon Joshua John

The Sunday before Pentecost stands as a sacred bridge, a transition from the glorious season of the Resurrection to the outpouring of the Holy Spirit. It invites the Church to reflect on Christ's final instructions before His Passion, pointing toward the coming of the Comforter. In today's Gospel reading, St. John 13:31–36, Jesus speaks with poignant intimacy, just after Judas has gone out to betray Him. The Lord now turns to His remaining disciples and speaks of glory, love, and departure.

This passage is a moment of deep revelation. Jesus is about to be glorified through the Cross, and He prepares His disciples to live in a world without His physical presence. At the heart of this preparation is one new commandment: "Love one another as I have loved you." This commandment becomes the foundation for the Church's life after Pentecost, rooted in divine love and expressed in communal witness.

1. The Cross as Glory and the Prelude to Pentecost

Jesus begins by saying, "Now is the Son of Man glorified, and God is glorified in Him." (John 13:31). These words come not after the Resurrection, but immediately after Judas has left to betray Him. This is the paradox of the Gospel, the glory of God is revealed not in triumphalism, but through the humility of the Cross.

Christ does not separate suffering from glory. The Crucifixion is not merely a dark episode before the light of the Resurrection; it is the very hour in which divine love is unveiled. In the Cross, the self-emptying love of God is made manifest. And it is from this glorified suffering that the Holy Spirit will be poured out at Pentecost. The Church is called to remember that the glory of God is not power in the worldly sense, but self-giving love. As we stand on the threshold of Pentecost, we must remember that the Spirit is not given to those who seek control, but to those who walk the path of the Cross. Only when we understand the crucified glory of Christ can we truly receive the fire of the Holy Spirit.

2. The New Commandment: Love as the Mark of the Spirit-filled Community

Jesus then declares: "A new commandment I give to you, that you love one another: just as I have loved you, you also are to love one another." (John 13:34). This is not merely an ethical instruction; it is the very identity of the post-Pentecost Church.

What makes this commandment "new"? The Torah already taught love for neighbor. But now, Jesus commands that we love as He loved us, that is, with sacrificial, cruciform love. This love is not based on merit or affinity, but on divine grace. It is the kind of love that washes the feet of the betrayer, that prays for those who crucify, that gathers the scattered and forgives the fallen. This love becomes the seal of the Spirit. "By this all people will know that you are my disciples, if you have love for one another." (John 13:35). Before the world sees tongues of fire, it must see hearts of love. Before the Church proclaims in many languages, it must embody one love.

As we await Pentecost, this is the litmus test of our readiness: Are we a community of love? Are we prepared to receive the Spirit who leads us not into power for its own sake, but into humble, healing, Christ-like love?

On this Sunday before Pentecost, the Lord speaks of glory and departure, of love and identity. He prepares the disciples not just for the coming of the Holy Spirit, but for the kind of life that Spirit will empower, a life of crucified glory and overflowing love.

Let us, then, open our hearts to this new commandment. Let us approach Pentecost not just with longing for spiritual gifts, but with a renewed commitment to love, a love that mirrors Christ's own. For in that love, the Spirit dwells. In that love, the Church is built. And through that love, the world will know that Christ is truly risen and glorified.

Feast of Ascension

(St. Mark 16:14–20)

The Feast of the Ascension marks the culmination of Christ's earthly ministry and the beginning of His heavenly intercession. It is not merely the memory of Jesus being "taken up" into heaven; rather, it is the affirmation that the resurrected Christ is now enthroned in glory, interceding for us and reigning over all creation.

In **Mark 16:14–20,** we see Jesus' final commission to His disciples, followed by His Ascension and the apostles' faithful obedience to preach everywhere. This brief but powerful text reveals the essence of our Christian calling: we are a Church born from the Ascension, a people sent into the world with the power and presence of the Risen Lord.

1. Christ's Commission and the Universal Mission of the Church

In verse 15, Christ commands: *"Go into all the world and preach the gospel to every creature."* This is the universal mission entrusted to the Church — to proclaim the good news beyond the boundaries of geography, ethnicity, or culture. The scope is as wide as creation itself.

The Ascension is not a farewell but an empowerment. Christ entrusts His mission to weak and fearful disciples who had previously abandoned Him. But now, through His Resurrection and the promise of the Holy Spirit, He empowers them to become bold witnesses. The signs mentioned — casting out demons, speaking in new tongues, healing the sick — are not mere displays of power, but signs of the Kingdom breaking into the world. The apostles' obedience to this command (verse 20) — *"And they went out and preached everywhere, while the Lord worked with them…"* — is the beginning of the Church's missionary identity.

This calling extends to us today. The Church is never static; it is inherently apostolic — always being sent, always moving outward. The Feast of

Ascension calls us to examine whether we are active participants in this mission or mere observers of Christ's work.

2. Christ Ascended, Yet Present: The Mystery of Divine Communion

Verse 19 says: *"So then the Lord Jesus, after he had spoken to them, was taken up into heaven and sat down at the right hand of God."* At first glance, this seems like Christ has withdrawn. But paradoxically, His Ascension is the foundation of His continued presence.

By ascending, Christ is no longer limited by earthly constraints. Seated at the right hand of the Father, He reigns in divine glory and intercedes for us. As the **Letter to the Hebrews** tells us, *"He always lives to intercede for us"* (Hebrews 7:25). His Ascension does not create distance but enables a deeper communion.

In the life of the Church, especially in the **Holy Qurbana**, we experience this mysterious presence of the ascended Christ. He is not absent. He is *with us* in the sacraments, in the proclamation of the Word, and in the mission of the Church.

The signs that follow the believers, mentioned in Mark, are not confined to the early Church. Even today, the ascended Christ works through us when we live in His Spirit: healing divisions, proclaiming peace, driving out the darkness of sin, and bringing hope to the forgotten. Mary, the Mother of God, exemplifies this reality. Though her Son ascended, she lived in constant communion with Him, participating in the life of the early Church, and interceding in quiet faith. She remains a model of those who live with Christ hidden in glory yet present in spirit.

The Ascension is not a departure; it is an enthronement. Christ's reign begins not at the end of time but now, through His Church, through His Spirit, and through the mission we are called to embody.

As we celebrate this feast, we are reminded that we belong to a Church that stands between the Resurrection and the Second Coming. We are a pilgrim people, witnessing, proclaiming, healing, and living in communion with the glorified Christ. Let us then renew our commitment to the apostolic mission: to go, preach, live, and love, knowing that Christ ascended is Christ still present, working through us until the whole world confesses, **Jesus Christ is Lord, to the glory of God the Father.**

❑



പുസ്തകം


വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകൾ (വാല്യം 3)

എഡിറ്റർ: ജോയ്സ് തോട്ടയ്ക്കാട്

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്വകാര്യ കത്തുകളും കല്പനകളും ഇടയലേഖനങ്ങളും 1926–1928 കാലത്തെ കല്പന ബുക്കുകളും സമാഹരിച്ചിരിക്കുന്ന അമൂല്യ ഗ്രന്ഥം.

പ്രസാധകർ: സോഫിയാ ബുക്സ്, തിരുനക്കര, കോട്ടയം,
ഫോൺ: 7012270083

വില: 250 രൂപ.





ഇന്ത്യാ ഗവൺമെന്റിന്റെയും ജർമൻ ഗവൺമെന്റിന്റെയും സംയുക്ത സംരംഭമായ ഇൻഡോ-ജർമ്മൻ സയൻസ് ആൻഡ് ടെക്നോളജി സെന്റർ (IGSTC) നൽകുന്ന ഇൻഡസ്ട്രിയൽ ഫെലോഷിപ്പിന് ഇന്ത്യയിൽ നിന്ന് തെരഞ്ഞെടുത്ത 10 പേരിൽ ഒരാളായി അഞ്ചൽ സെന്റ് ജോർജ് തീർത്ഥാടന വലിയപള്ളിയുടെ ഇടവകാംഗമായ പനച്ചവിള റോബിൻ വില്ലയിൽ ഷൈമോൾ ഫിലിപ്പ് തിരഞ്ഞെടുക്കപ്പെട്ടു. ഷൈമോൾ നിലവിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പുതുച്ചേരി, ഇന്ത്യയിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സീനിയർ റിസർച്ച് ഫെല്ലോ (പി.എച്ച്.ഡി) ആയി പ്രവർത്തിക്കുകയാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT) പുതുച്ചേരിയിൽ നിന്ന് ഈ ഫെലോഷിപ്പ് നേടുന്ന ആദ്യ വിദ്യാർത്ഥിനിയെന്ന പ്രത്യേകതയും ഈ നേട്ടത്തിന് കൂടുതൽ അഭിമാനം വർദ്ധിപ്പിക്കുന്നു. ഈ ഫെലോഷിപ്പിന്റെ കാലാവധി 6 മാസം ആയിരിക്കും. ഈ കാലയളവിൽ ജർമ്മനിയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്താനുള്ള അവസരം ഷൈമോൾക്ക് ലഭിക്കും.

മറുപുറം

മടക്കയാത്ര...

(പെൺവായന)

ഫാ. അജീഷ് ബാബു



ചില മനുഷ്യരെ കുറിച്ചോർക്കുമ്പോൾ അറിയാതെ കണ്ണു നിറയും. അവരുടെ അവഗണനകളെ പറ്റി ഓർക്കും. എത്ര വേഗം മനുഷ്യബന്ധങ്ങൾ

അന്യമായെന്ന് ഓർക്കും. വാക്കുകൾ മുറിഞ്ഞു പോയതോർക്കും. ഇരുട്ടത്തിരിക്കും പിന്നെയും പിന്നെയും കണ്ണുനീർ കവിളിൽ തൊട്ടു പോകും.

ഒറ്റയ്ക്ക് നടക്കുക ഏറെ അപകടം പിടിച്ചതാണ്. ഭർത്താവും ആൺമക്കളും മരിച്ചതിനുശേഷം മരുമക്കളോട് നവോമി പറയുന്നത് നിങ്ങൾ നിങ്ങളുടെ ഭവനങ്ങളിലേക്ക് തിരികെ പോകാനാണ്. മടക്കയാത്ര ഒറ്റയ്ക്ക്, ഇത് വല്ലാത്ത ഒരു പെൺകരുത്താണ്. സ്വന്തം ദേശത്ത് നിന്ന് മോവാബിലേക്ക് യാത്ര ചെയ്യുമ്പോൾ തന്റെ ഭർത്താവിന് പിന്നിലാണ് അവൾ. അയാളുടെ തീരുമാനത്തിനനുസരിച്ചാണ് അവൾ ജീവിതം ക്രമപ്പെടുത്തുന്നത്. പിറകെ സഞ്ചരിക്കുന്ന ഭാര്യ, പരമ്പരാഗതമായ പുരുഷാധിപത്യ സമൂഹത്തിന്റെ ഒരു അടയാളമാണ്. അയാളുടെ തീരുമാനത്തിനനുസരിച്ച് അവളുടെ ശരീരം അതിന്റെ വേഗത ഒക്കെ നിർണയിക്കുന്ന സാമൂഹ്യവ്യവസ്ഥിതി. സാധാരണ മലയാളത്തിൽ ഉപയോഗിക്കുന്ന ഒരു പദമാണ് 'തന്റേടി ' എന്നത്. സാമൂഹ്യമായി ആ പദത്തിന് വളരെ മോശമായ വ്യാഖ്യാനമാണ് സമൂഹം കൽപ്പിച്ചിരിക്കുന്നത്. 'തന്റേടിയായ സ്ത്രീ' എന്ന വാക്കു കൊണ്ട് പരമ്പരാഗതമായ പുരുഷാധിപത്യ സമൂഹത്തെ മാനസികമായി തൃപ്തിപ്പെടുത്തുന്നു. എന്നാൽ ഇതിന്റെ അർത്ഥം തന്റെ ഇടം. സ്വന്തം ഇടം കണ്ടെത്തിയ ഒരു സ്ത്രീയെ ആണ് ഈ പദം സൂചിപ്പിക്കുന്നത്. മോവാബ് ദേശം ഭൂമിശാസ്ത്രപരമായി ജൂത ജാതീയതയ്ക്ക് പുറത്തുള്ള വിജാതീയ പട്ടണമാണ്. അവിടേക്കാണ് അവർ പലായനം ചെയ്ത് എത്തിയത്. വിജാതീയ പട്ടണത്തിൽ വച്ചാണ് തന്റെ ഭർത്താവും രണ്ട് ആൺമക്കളും മരിക്കുന്നത്. ഇത് ഒരു തരത്തിൽ നവോമിയെ സംബന്ധിച്ചിടത്തോളം മാനസികമായി സംഘർഷങ്ങളിലേക്ക് എത്തിക്കുന്നതാണ്. കാരണം പരമ്പരാഗതമായ സാമൂഹ്യവ്യവസ്ഥയിൽ പുരുഷനാണ് ശക്തിയുടെ ഉറവിടം അതുകൊണ്ടുതന്നെ അവൾ വിജാതീയ പട്ടണത്തിൽ കരുത്ത് നഷ്ടപ്പെട്ടവൾ ആയി തീർന്നു എന്ന് വിലയിരുത്താം. എന്നാൽ ഇതിന്റെ മറുഭാഗം ആ മരണത്തോടുകൂടി തീർന്നു പോകുന്നതല്ല അവളുടെ ചരിത്രം. സാമൂഹ്യമായി ഒരു പുതിയ ചരിത്രം നിർമ്മിക്കുവാൻ ഈ മരണം കാരണമാകുന്നു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ടതാണ്.

മടക്കയാത്രയ്ക്ക് ഒരുങ്ങുന്ന നവോമി പെൺകരുത്തിന്റെ ഇതിഹാസമാണ്. തന്റെ ഇടം സ്വയം കണ്ടെത്തിയ നവോമി ജൂത സാമൂഹിക ചരിത്രത്തിൽ ഒരു പുതിയ അധ്യായം തുറന്നിടുകയാണ്. സ്ത്രീയുടെ ശരീരം എല്ലാകാലത്തും പലായനയങ്ങൾക്ക് വിധേയമാണ്. വിവാഹം കഴിച്ച വീട്ടിൽ നിന്നും ഭർത്താവിന്റെ വീട്ടിലേക്ക്, ഭർത്താവിന്റെ വീട്ടിൽനിന്ന് അയാൾക്കൊപ്പം വിജാതീയ പട്ടണത്തിലേക്ക്, വീണ്ടും തിരിച്ചുള്ള മടക്കയാത്രയും... etc. സാമൂഹ്യമായ പരമ്പരാഗതസമൂഹത്തിലെ വ്യവസ്ഥിതിയുടെ അടയാളമാണ് സ്ത്രീ ശരീരങ്ങളുടെ പലായനം. ജീവിതം ജീവിച്ചു തന്നെ തീർക്കണം എന്ന് സ്വയം അവൾ കണ്ടെത്തി.

നവോമി മടക്കയാത്രയ്ക്ക് തയ്യാറാകുമ്പോൾ മരുമകളെ അവരുടെ ഭവനങ്ങളിലേക്ക് മടക്കി അയക്കുവാൻ അമിതതാൽപര്യം കാണിക്കുന്നു. അതിന്റെ അർത്ഥം അവൾ ഒറ്റയ്ക്കാണ് മടങ്ങാൻ ഇഷ്ടപ്പെടുന്നത്. കൂട്ടംകൂടി ശക്തി പ്രകടനം നടത്തുവാൻ താൽപര്യം കാണിക്കുന്ന രാഷ്ട്രീയ മത സാഹചര്യത്തിൽ ഒറ്റയ്ക്ക് നിൽക്കാനും, ഒറ്റയ്ക്ക് മടങ്ങാനും നവോമി സ്വയം എടുക്കുന്ന പെൺകരുത്ത് ചരിത്രപരമായി പുരുഷാധിപത്യത്തെ ചോദ്യം ചെയ്യുന്നതാണ്. അതിനു കാരണം തന്റെ ഭർത്താവ് ആ ദേശത്തെ ഒരു ദാരിദ്ര്യം ഉണ്ടാവുന്നു എന്ന അറിവിൽ സ്വന്തം ദേശം വിട്ടുപോയ ആളാണ്. ഒരർത്ഥത്തിൽ ഭയം നിറഞ്ഞ തീരുമാനമായിരുന്നു അത്. മടങ്ങിപ്പോകുന്നത് ഭർത്താവ് ഉപേക്ഷിച്ച ദേശത്തേക്കാണ്, ഭർത്താവ് ഭയംകൊണ്ട് ഓടി മാറിയ ദേശത്തേക്കാണ്. എവിടെയാണ് നവോമിയുടെ പെൺകരുത്ത്. അവൾ പോരാടാൻ വേണ്ടി തന്റെ ശരീരത്തെ, മനസ്സിനെ സ്വയം രൂപപ്പെടുത്തികഴിഞ്ഞു.

തന്റേടിയുടെ മടക്കയാത്ര...

പൊതുസമൂഹത്തിന്റെ ശരിയിലൂടെ സഞ്ചരിച്ചാൽ, ആരും ശ്രദ്ധിക്കണമെന്നില്ല. എന്നാൽ, സ്വന്തമായ് നിലപാടുകളിൽ പ്രതികരിച്ചു നോക്കു. നൂറായിരം വിരലുകൾ നേരെ ചൂണ്ടും.

പരദേശിയായി വിജാതീയ പട്ടണത്തിൽ കഴിഞ്ഞു കൂടിയാൽ ഇസ്രായേലിന്റെ പ്രത്യാശ കേവലം അവളിൽ ഒരു മത ബന്ധിയായി തന്നെ നിൽക്കും. എന്നാൽ ആ വിജാതീയ പട്ടണത്തിൽ നിന്ന് ഒരു പ്രത്യാശയുടെ പുറപ്പാടിന് ആണ് അവൾ ഒരുങ്ങുന്നത്. കൂടെ ഒരുപാട് പേരുള്ളതിന്റെ പേരല്ല സൗഹൃദം, മറിച്ച് കൂടെ ആരുമില്ലാത്തപ്പോൾ ഒരാളെങ്കിലും ഉണ്ടാകുന്നതാണ് സൗഹൃദം..!

അതാണ് രൂത്ത്...

മരുമകൾ എന്നതിനേക്കാൾ രൂത്തിനെ വിശേഷിപ്പിക്കേണ്ടത് 'ജീവന്റെ സൗഹൃദം' എന്നാണ്.

വിജാതീയ പട്ടണത്തിൽ നവോമി കണ്ടെത്തിയ സ്വയം കരുത്ത് ഒരർത്ഥത്തിൽ വേദപുസ്തകത്തിലെ ആശയങ്ങൾക്ക് തന്നെ പുതിയ ഉണർവും ചൈതന്യവുമാണ്.

ഒറ്റയ്ക്ക് ഒരാൾ എത്ര ദൂരം പോകും.?
ഒറ്റയ്ക്ക് എന്നുറപ്പായാൽ ദൂരത്തിൽ യാതൊരു ഭയപ്പാടുമില്ല.
തന്റേടിയുടെ മടക്കയാത്ര...
പ്രത്യാശയുടെ മടക്കയാത്ര...
ആ തന്റേടിക്കൊപ്പം ജീവന്റെ സൗഹൃദമുള്ള രൂത്ത്...

മറുപുറം

കുറച്ചു ദിവസങ്ങൾക്കു മുമ്പ് കോടതിവിധിയിലൂടെ പട്ടിണി കിടന്ന് മരിച്ച

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഒരു സ്ത്രീയുടെ ജീവിതം പുറത്തു വന്നു. അവളെ പട്ടിണികിട്ടത് ഭർത്താവും ഭർത്താവിന്റെ അമ്മയും ചേർന്നാണ്. സ്വന്തം ഭാര്യ പട്ടിണി കിടക്കുമ്പോൾ എങ്ങനെ അവൻ വിശപ്പടക്കി...

ഭവനത്തിനുള്ളിൽ നിന്ന് ഭക്ഷണത്തിന്റെ രുചിയുടെ ഗന്ധം അവളുടെ മൂക്കിൽ ഇരച്ചു കയറുമ്പോൾ അവൾ എങ്ങനെ നിശബ്ദതയായി...

ഉത്തരം കിട്ടാത്ത ചോദ്യമാണ്.

അവൾ വിശന്ന് മരണത്തിന്റെ മുഖത്തേക്ക് എത്തിയപ്പോഴും എന്തുകൊണ്ട് അവൾ ഉറക്കെ കരഞ്ഞില്ല. തന്റെ വിശപ്പിന് പ്രതി എന്തുകൊണ്ട് അവൾ പ്രതികരിച്ചില്ല...

എന്തുകൊണ്ട് അവൾ പരാതി പറഞ്ഞില്ല...

അതിന് ഒരു കാരണമേ ഞാൻ കാണുന്നുള്ളു കല്യാണം കഴിഞ്ഞ നാളു മുതൽ മരിക്കുന്ന നിമിഷംവരെ അവൾ അവളുടെ ഭർത്താവിൽ കണ്ടെത്തിയ എന്തോ ഒരു വിശ്വാസം, സ്നേഹം... അതിന് പുറത്ത് അവൾ പോയില്ല.

സർജറി കഴിഞ്ഞതിനു ശേഷം ഡോക്ടർ എഴുതി റിപ്പോർട്ടിൽ ആമാശയത്തിൽ ഭക്ഷണത്തിന്റെ അംശം ചെന്നിട്ട് നാളുകളായി എന്നും ആമാശയം നട്ടെല്ലിനോട് ചേർന്ന് ചുരുങ്ങിയിരിക്കുന്നു. ആ സ്ത്രീ ജന്മം നൽകിയ കുഞ്ഞുങ്ങൾ ഉണ്ടത്രേ. എന്നിട്ടും ഭർത്താവ് എന്തിനാണ് ഇത്രയധികം ക്രൂരത ഈ സ്ത്രീയോട് കാണിച്ചത്. സ്വയം വിശപ്പിനെയും ദാഹത്തെയും കുറിച്ച് ബോധമുള്ളവൻ എന്റെ ഭാര്യ വിശപ്പിനുവേണ്ടി വിതുമ്പുന്നതും ഒരിറ്റു വെള്ളത്തിനു വേണ്ടി സങ്കടപ്പെടുന്നതും അയാൾ കണ്ടില്ലേ. ഇത്രകണ്ട് വിശപ്പുള്ള ഉടലുകൾ ഉള്ളപ്പോൾ അവരവർക്ക് വേണ്ടി അങ്ങനെയാണ് ഭക്ഷണം തയ്യാറാക്കിയത്. ലോകത്തിലെ ഏറ്റവും ക്രൂരമായ കൊലപാതകങ്ങളിൽ ഒന്നാണ് ഭക്ഷണം നൽകാതെ ഒരു മനുഷ്യനെ കൊല്ലുക എന്ന ക്രൂരകൃത്യം...

റോമൻ ഭരണകൂടം യേശുവിന്റെ കാലത്ത് നടത്തിയിരുന്ന ക്രൂരമായ ശിക്ഷകളിൽ ഒന്നാണ് ക്രൂശ് മരണം. ഒരുപക്ഷേ ക്രൂശിൽ കിടന്ന് പെട്ടെന്ന് പ്രാണൻ വിട്ട ആദ്യ സംഭവമായിരിക്കണം യേശുവിന്റേത് കാരണം ക്രൂശിക്കപ്പെടുന്നവർ പെട്ടെന്ന് മരിക്കാറില്ല. വിശന്നും ദാഹിച്ചും സാവധാനം മരിക്കുന്ന പതിവാണ് ക്രൂശ്മരണത്തിലൂടെയുള്ളത്. യേശുവിൻ ഒപ്പം ഉണ്ടായിരുന്ന കള്ളന്മാർ ഒരു പക്ഷേ അങ്ങനെ ആയിരിക്കാം മരിച്ചത്. പെട്ടെന്ന് സംഭവിക്കുന്ന മരണത്തെക്കാൾ വിശന്ന് പ്രാണൻ പോവുക എന്നത് അതിക്രൂരമായ ശിക്ഷയാണ്.

ഭൂമിയിൽ വിശന്നു മരിക്കുന്നവരെല്ലാം ദൈവപുത്രന്റെ മരണത്തിനോടൊപ്പം ചേർന്നിട്ടുള്ളവരാണ്...

വിശപ്പുള്ള ലോകത്തിൽ വിശന്നുവരെ കാണാതെ പോകുന്നത് ദൈവപുത്രനെ ക്രൂശിച്ച മത രാഷ്ട്രീയ അധികാരികൾ ചെയ്ത പാപങ്ങൾക്ക് തുല്യമായ പാപമാണ്.

ഒരു കാര്യം സത്യമാണ് പ്രിയപ്പെട്ട മനുഷ്യരാൽ മുറിവേൽക്കുമ്പോഴാണ് നാം ഒറ്റപ്പെട്ടു പോകുന്നത്.

വിശന്ന് മരിച്ചവളെ നീ മാലാഖയാണ്...

ദൈവപുത്രനൊപ്പം ക്രൂശിക്കപ്പെട്ടവരെ പോലെ. അവർ കള്ളന്മാരായിരുന്നു പക്ഷേ നീ മാലാഖയാണ്...

പ്രണയംകൊണ്ട് വിശപ്പിന് കീഴടക്കി പരാതി പറയാതെ മരണത്തിലേക്ക് നടന്നുകയറിയ ദൈവത്തിന്റെ മാലാഖ.

തന്റേടിയുടെ മടക്കയാത്ര...

പ്രത്യാശയുടെ മടക്കയാത്ര...

ആ തന്റേടിക്കൊപ്പം ജീവന്റെ സൗഹൃദമുള്ള രൂത്ത്...



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആർദ്ര ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭരണസമിതി അംഗങ്ങൾ പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായ്ക്കൊപ്പം.



ഡൽഹി ജനക്പുരി മാർ ഗ്രിഗോറിയോസ് ദേവാലയത്തിന്റെ തലമുറ സംഗമം ഡോ. എബ്രഹാം മാർ സെറാഫിം ഉദ്ഘാടനം ചെയ്തു. ജനക്പുരി മാർ ഗ്രീഗോറിയോസ് ദേവാലയത്തിന്റെ ഗോൾഡൻ ജൂബിലിയോട് അനുബന്ധിച്ച് പരുമല സെമിനാരി ഓഡിറ്റോറിയത്തിൽ നടന്ന തലമുറ സംഗമത്തിൽ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിമത്രിയോസ് അധ്യക്ഷത വഹിച്ചു. ഇടവക വികാരി ഫാ. പത്രോസ് ജോയ്, അസിസ്റ്റൻറ് വികാരി ഫാദർ ഗീവർഗീസ് ജോസ്, ഡൽഹി ഭദ്രാസനം സെക്രട്ടറി ഫാദർ സജി എബ്രഹാം, ചാണ്ടി ഉമ്മൻ എംഎൽഎ തുടങ്ങിയവർ പ്രസംഗിച്ചു.



ഫാ. ഡോ. കെ. എം. ജോർജ് രചിച്ച 'ഫ്രാൻസിസ് മാർപാപ്പ ആർദ്രതയുടെ ആൾരൂപം' എന്ന പുസ്തകം ഡോ. സാബു തോമസ് (മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ) മത്തായി റമ്പാന് (സുപ്പീരിയർ, മാർ ബസേലിയോസ് ദയറാ) നൽകി പ്രകാശനം ചെയ്തു.



കേരള സർവ്വകലാശാലയിൽ നിന്ന് ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ റോസിൻ മാത്യു. അടൂർ കടമ്പനാട് ഭദ്രാസനത്തിലെ അടൂർ കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രൽ ഇടവകാംഗമാണ്.

ഫാ. ടി. ടി. ജേക്കബ് അന്തരിച്ചു



കൊല്ലം ഭദ്രാസനത്തിലെ സീനിയർ വൈദികനും കൊട്ടാരക്കര കോട്ടപ്പുറം സെന്റ് ഇഗ്നാത്തിയോസ് പള്ളി ഇടവ കാംഗവുമായ കുണ്ടറ ഇടവട്ടം തോലാനിക്കുന്നേൽ സെന്റ് ജോർജ് ഹോമിൽ ഫാ. ടി. ടി. ജേക്കബ് (77) അന്തരിച്ചു. സംസ്കാരം നടത്തി.

ആൾക്കൂട്ടത്തിൽ പെടാതെ അകന്നു നിന്നൊരാൾ!

അടുത്തറിയാവുന്നവർക്ക് ഒരുപിടി ഓർമ്മകൾ അവശേഷിപ്പിച്ചു കൊണ്ടാണ് ടി. ടി ജേക്കബ് അച്ചൻ പടിയിറങ്ങുന്നത്. തിരുത്തേണ്ട വ്യവസ്ഥകൾ സാവധാനം പറഞ്ഞതിനുശേഷം പുറംതിരിഞ്ഞു നടന്നവൻ. ഔദാര്യങ്ങളോ സ്ഥാനങ്ങളോ സമ്മാനങ്ങളോ മോഹിക്കാതിരുന്ന, അഭിപ്രായങ്ങളും അനൗചിത്യങ്ങളും തുറന്നു പറഞ്ഞതിന്റെ പേരിൽ അവസരങ്ങൾ പോലും നിഷേധിക്കപ്പെട്ടയാൾ. ബാല്യകാലം മുതൽ അച്ചനെ കണ്ടുവളർന്നവരാണ് ഞങ്ങൾ. ബജാജ് സ്കൂട്ടറിലും നടന്നുമൊക്കെ പള്ളിയിലെത്തി നമസ്കാരങ്ങൾ പൂർത്തിയാക്കി അവിടെ കിടന്നുറങ്ങി വിശുദ്ധ കുർബാന അർപ്പിക്കുന്ന പുരോഹിതൻ.

അനീതികളോട് സന്ധിയില്ലാത്തവൻ, പറഞ്ഞ വാക്കിൽ ഉറച്ചുനിൽക്കുന്നവൻ (Call a spade a spade. തൂമ്പയെ തൂമ്പ എന്ന് തന്നെ വിളിക്കണമെന്ന് അച്ചൻ പറഞ്ഞതായാണോർമ്മ), അനുനയങ്ങളിൽ അടിപതറാത്തവൻ, ഇടയത്വ ശുശ്രൂഷയിൽ ജാഗ്രതയോടെ നടന്നവൻ, സംഗീതാത്മകത നിറഞ്ഞു നിന്നില്ലെങ്കിലും ഹൃദയത്തിൽ നിന്നും ഉതിർന്ന ആർദ്രമായ ബലിയർപ്പണങ്ങൾ.

ധനാഢ്യനായിരുന്നില്ല ഒരിക്കലും. ഏറെ സമ്പാദിക്കണം എന്ന മോഹവും ഉണ്ടായിരുന്നില്ല. കൽപ്പിക്കപ്പെട്ട വഴികളിലൂടെ വീഴ്ച കൂടാതെ നടക്കണമേ ദൈവമേ! എന്ന ആഗ്രഹമായിരുന്നു എപ്പോഴും പ്രകടമാക്കിയത്.

അതിനുമപ്പുറം, ഡിഗ്രി പഠനകാലത്ത് ആദ്യമായി 100-ന്റെ 10 താളുകൾ തന്നിട്ട് പോയി പഠിക്ക് എന്നു പറഞ്ഞയാൾ. വേദികളിൽ ഒന്നും വിളിച്ചു കയറ്റാതെ ഒരു പട്ടക്കാരന്റെ തുച്ഛമായ വരുമാനത്തിൽ നിന്നും പ്രസാദമായി നൽകിയതാണ്. ഏതാണ്ട് 33 വർഷം മുമ്പുള്ള ആ തുകയും അതിന്റെ വലിപ്പവും ഒരിക്കലും അത്ര നിസ്സാരമായിരുന്നില്ല.

നമ്മൾ പഠിക്കണമെന്നും ഉയർന്ന വിദ്യാഭ്യാസം നേടണമെന്നും ഏറെക്കുറേ മാതാപിതാക്കളും ഒരിക്കലും ആഗ്രഹിക്കാത്ത ഒരു പഴയ കാലമാണ്. കരിയർ ഗൈഡൻസുകൾ ഏഴയലത്ത് പോലുമില്ല. എന്തു പഠിക്കണം എങ്ങനെ പഠിക്കണം എന്നൊന്നും പറഞ്ഞു തരാനും ആരുമില്ല. അടിസ്ഥാന വിദ്യാഭ്യാസം നേടിയാൽ, പോയി പണിയെടുത്തു കൂടെ എന്ന് ചിന്തിക്കുന്ന കുടുംബക്കാർ. അവരെയൊന്നും പറഞ്ഞിട്ടും കാര്യമില്ല കാരണം ഒരു ചില്ലറ നാണയം രണ്ടുവട്ടം എണ്ണി നോക്കുന്ന കാലമാണ്. പത്രം വിതരണം ചെയ്തും പുസ്തകങ്ങൾ പ്രസാധകരിൽ നിന്നും നേരിട്ട് വിൽപ്പന നടത്തിയും ട്യൂഷൻ പഠിപ്പിച്ചും ബന്ധുക്കളുടെ കടകളിൽ നിന്നുമൊക്കെ വിദ്യാഭ്യാസത്തിന് വെള്ളം കോരിയ നാളുകൾ... ദൈവാലയത്തിലെ ശുശ്രൂഷകൾ മുടക്കാതിരുന്നതിന്റെ അഭിനന്ദനങ്ങൾ സൂചകമായിട്ടായിരുന്നു ആ പാരിതോഷികം.

സ്ലീബാദാസ സമൂഹത്തിലും മദ്രാസ് ഭദ്രാസനത്തിലുമൊക്കെ ശുശ്രൂഷ അനുഷ്ഠിച്ചിട്ടുണ്ട് ബഹു. അച്ചൻ. ഭാഗ്യസ്മരണാർഹനായ എഫിപ്പാനിയോസ് തിരുമേനിയുടെ കാലത്താണ് കൊല്ലത്ത് എത്തിയത്. അന്തോണിയോസ് തിരുമേനിക്കുണ്ടായിരുന്ന കരുതലും ഓർത്തു പറഞ്ഞിട്ടുണ്ട്.

ഇടംകൈ ചെയ്യുന്നത് വലം കൈ അറിയാതെ ബലിവേദിയിലെ ആരാധന പോലെ ജീവിതത്തേയും കൊണ്ടുനടന്ന പുരോഹിതാ സമാധാനത്താലേ വസിക്ക!.

- ഫാ. തോമസ് പി. മുകളിൽ



മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് ആൻഡ് എം. ഡി സ്കൂൾസിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന സ്കൂളുകളിലെ ഹെഡ്മാസ്റ്റർ മാരുടെ യും,പ്രിൻസിപ്പൽമാരുടെയും സംയുക്ത സംഗമം 2025 മെയ് 20 ന് പത്തനംതിട്ട, കാതോലിക്കേറ്റ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.



എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ വിദ്യാർത്ഥി പ്രതിനിധികൾ പാമ്പാടി മാർ കുറിയാക്കോസ് ദയറാ സന്ദർശിച്ചു ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസുമായി സംഭാഷണം നടത്തി.



എത്യോപ്യൻ ഓർത്തഡോക്സ് സഭ യുവജന പ്രതിനിധികളുടെ മലങ്കര സന്ദർശനം

ദേവലോകം: ഓറിയന്റൽ ഓർത്തഡോക്സ് കൂട്ടായ്മയിലെ പ്രധാന സഭയായ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ യുവജന പ്രതിനിധികൾക്ക് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ഊഷ്മള സ്വീകരണം. അരമന മാനേജർ ഫാ. യാക്കോബ് തോമസ് റമ്പാൻ അതിഥികളെ സ്വീകരിച്ചു. നാഗ്പൂർ സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോസി ജേക്കബ് എത്യോപ്യൻ ഓർത്തഡോക്സ് സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിലുള്ള സാംസ്കാരിക, വേദശാസ്ത്ര ഉൾക്കാഴ്ചകളെക്കുറിച്ചും പൈതൃകങ്ങളെക്കുറിച്ചും ക്ലാസ് എടുത്തു. മലങ്കരസഭയുടെ ഇന്റർ ചർച്ച് എക്യുമെനിക്കൽ വിഭാഗമാണ് സന്ദർശനത്തിന്റെ ക്രമീകരണങ്ങൾ ഏകോപിപ്പിച്ചത്.